മാധ്യമം • ഞായർ • 22 ജനുവരി 2017 • ലക്കം 1497

# വാരാദ്യ മാധ്യമം

varadyam@madhyamam.in





# ഭൂമിയുടെ അറ്റത്ത്

അർധരാത്രിയിൽ ഉദിച്ചുനിൽക്കുന്ന സൂര്യൻ-അൻറാർട്ടിക്കയിൽനിന്നുള്ള ദൃശ്യം

## ധ്രുവസമുദ്രശാസ്ത്ര ഗവേഷകനും സീനിയർ സയൻറിസ്റ്റുമായ ഡോ. തമ്പാൻ മേലത്ത് അൻറാർട്ടിക്കൻ ദൗത്യത്തിൻെറ അനുഭവങ്ങൾ പങ്കുവെക്കുന്നു

തമ്പാൻ മേലത്ത്

**ഡോ. തമ്പാൻ മേലത്ത്/ പ്രമോദ് ഗംഗാധരൻ**

കഴിഞ്ഞ 35 വർഷമായി ഇന്ത്യ വിവിധ പഠന ആവശ്യങ്ങൾക്ക് അൻറാർട്ടിക്കയിലേക്ക് ശാസ്ത്ര ഗവേഷണ സംഘങ്ങളെ അയക്കാറുണ്ട്. നിരവധി തവണ ഗവേഷണ സംഘത്തലവനായി അൻറാർട്ടിക്കയിൽ ജോലിചെയ്ത ധ്രുവസമുദ്രശാസ്ത്ര ഗവേഷകനും സീനിയർ സയൻറിസ്റ്റുമായ ഡോ. തമ്പാൻ മേലത്ത് എന്ന കാസർകോട്ടുകാരൻ തൻെറ അൻറാർട്ടിക്കൻ അനുഭവങ്ങൾ പങ്കുവെക്കുന്നു.

*കേരളത്തിൻെറ ഒരറ്റത്തുനിന്ന് ഭൂമിയുടെ അറ്റത്തേക്ക്... എങ്ങനെ അൻറാർട്ടിക്കൻ യാത്ര സാധ്യമായി*

● ചിലപ്പോൾ എനിക്കുതന്നെ അദ്ഭുതമാണ്, കാസർകോട്ടെ ഒരു കുഗ്രാമമായ കാറടുക്കയിൽനിന്ന് 20 കൊല്ലത്തിലേറെയായി പല നാടുകളും കറങ്ങി അവസാനം അധികമാരും പോകാൻ ശ്രമിക്കാത്ത ഏറ്റവും ഭ്രമാത്മകമായ ഒരു സ്ഥലത്ത് ചെന്നെത്തുക. അതുതന്നെ പ്രവർത്തനമേഖലയാക്കുക. ഒരുതരം മാജിക്കൽ റിയലിസമാണ് അത്. കഴിഞ്ഞ 35 വർഷമായി ഇന്ത്യ അൻറാർട്ടിക്കയിലേക്ക് ശാസ്ത്ര ഗവേഷണ സംഘങ്ങളെ അയക്കാറുണ്ട്. ഇന്ത്യക്കവിടെ സ്വന്തമായി ഇപ്പോൾ രണ്ട് സ്ഥിരമായിട്ടുള്ള സ്റ്റേഷനുകളുണ്ട് -മൈത്രി, ഭാരതി. മൈത്രി 1989ലാണ് നിർമിച്ചത്. ഭാരതി 2011ലും. ഇതിനുമുമ്പേ ഇന്ത്യക്ക് ദക്ഷിൺ ഗംഗോത്രി എന്ന ഒരു സ്റ്റേഷൻ ഉണ്ടായിരുന്നു. 1983ൽ ആണിത് നിർമിച്ചത്. പക്ഷേ, ഈ സ്റ്റേഷൻ 1990 ആയപ്പോഴേക്ക് മഞ്ഞുമൂടി ഉപയോഗശൂന്യമായി. ഞാൻ ജോലിചെയ്യുന്ന ഗോവയിലെ നാഷനൽ സെൻറർ ഫോർ അൻറാർട്ടിക് ആൻഡ് ഓഷ്യൻ റിസർച്ചിനാണ് (NCAOR) ഇപ്പോഴുള്ള സ്റ്റേഷനുകളുടെ മേൽനോട്ടച്ചുമതല. കേന്ദ്ര ഗവൺമെൻറിൻെറ കീഴിലുള്ള ഭൂശാസ്ത്ര മന്ത്രാലയത്തിനു കീഴിലാണ് ഈ ഗവേഷണ സ്ഥാപനം. ശാസ്ത്ര ഗവേഷണങ്ങളുടെ ഭാഗമായി ഉത്തര-ദക്ഷിണ ധ്രുവങ്ങളിലേക്കും ഹിമാലയ സാനുക്കളിലേക്കും പോകേണ്ടി വരാറുണ്ട്.

ഗോവയിൽ കഴിഞ്ഞ 24 വർഷമായി ധ്രുവസമുദ്ര ശാസ്ത്ര വിഷയങ്ങളിൽ ഗവേഷകനായിരിക്കെ പലതവണ അൻറാർട്ടിക്കയിൽ പോയിട്ടുണ്ട്. എൻെറ ഗവേഷണ മേഖലതന്നെ അൻറാർട്ടിക്കയിലെ കാലാവസ്ഥ വ്യതിയാനത്തെയും അത് മഞ്ഞുപാളികളിൽ എങ്ങനെ രേഖപ്പെടുത്തുന്നുണ്ടെന്നും മനസ്സിലാക്കാനാണ്. ഞാൻ നയിക്കുന്ന ഗവേഷക സംഘം അൻറാർട്ടിക്കയിൽ പലതരം പഠനങ്ങൾ നടത്തുന്നുണ്ട്. അതിലൊന്ന്, ഹിമമേഖലയിലെ കാലാവസ്ഥ പുനഃസ്ഥാപനത്തെക്കുറിച്ചുള്ളതാണ്. ഇതിനായി അൻറാർട്ടിക് ഹിമപാളികൾ ഒരു നിശ്ചിത ആഴത്തിൽ ഖനനം ചെയ്തെടുക്കുന്നു. ഇങ്ങനെ ഖനനം ചെയ്തെടുക്കുന്ന ഐസ് പ്രത്യേക കോൾഡ് കണ്ടയ്നറുകളിലാക്കി ഇന്ത്യയിലെത്തിക്കുകയാണ് പതിവ്. ഗോവയിൽ ഇതു പഠിക്കാൻ പ്രത്യേക ലബോറട്ടറിതന്നെയുണ്ട്. പല കാലങ്ങളുടെ കാലാവസ്ഥകളുടെ ചരിത്രരേഖകളുടെ കലവറയാണ് ഹിമപാളികൾ. കാലാവസ്ഥ മാപിനികളില്ലാത്ത കാലത്തെ വ്യതിയാനങ്ങളുടെ അടയാളങ്ങളാണ് ഈ മഞ്ഞുപാളികളിൽ ലിഖിതം ചെയ്തിരിക്കുന്നത്.

*ഗവേഷക യാത്രയുടെ മുന്നൊരുക്കങ്ങൾ, ഇത്തവണത്തെ യാത്രാസംഘത്തെക്കുറിച്ച്*



● ഇത്തവണത്തെ അൻറാർട്ടിക്കൻ പര്യടനം മാഡ്ഐസ് (MADICE) എന്ന ഇന്തോ നോർവീജിയൻ പ്രോജക്ടിൻെറ ലീഡറായിട്ടായിരുന്നു. ഈ പ്രോജക്ടിൻെറ പ്രധാന ലക്ഷ്യം ഇവിടത്തെ ഹിമതീരങ്ങളും (Ice shelf) ഹിമമലകളും (Ice rise) എത്രമാത്രം സ്ഥായിയാണെന്നും, അവ വലിയ ഹിമപാളികളെ എങ്ങനെ പിടിച്ചുനിർത്തുന്നുവെന്നും പഠിക്കുകയാണ്. ഭൗമതാപനം കാരണം അൻറാർട്ടിക്കയിലെ ഹിമപാളികൾ കുറേശ്ശെയായി അടർന്ന് കടലിലെത്തുന്നുണ്ട്. ഇത് കടൽനിരപ്പ് ഉയർത്താനും അതുവഴി ആഗോളമായ മാറ്റങ്ങൾക്കും കാരണമാകും. ഹിമമലകളും ഹിമതീരങ്ങളുമാണ് വലിയ ഹിമപാളികളുടെ കടലിലേക്കുള്ള ഒഴുക്ക് നിയന്ത്രിക്കുന്നത്. അതുകൊണ്ടുതന്നെയാണ് അതിനെ ഗവേഷണ വിഷയമാക്കുന്നതും.

ഈ വർഷത്തെ പര്യടനത്തിൽ 10 ഇന്ത്യക്കാരും നാല് നോർവീജിയൻകാരുമാണ് ഉണ്ടായിരുന്നത്. കൊല്ലം സ്വദേശിയായ ഡോ. ലാലുരാജ്, ഹിമാചൽ സ്വദേശി ഡോ. ഭാനു പ്രതാപ്, തമിഴ്നാട് സ്വദേശി ഡോ. മഹാലിങ്കനാഥൻ, ഗോവയിൽനിന്നുള്ള പ്രശാന്ത് രേഡ്കർ. കൂടാതെ 'മൈത്രി'യിൽനിന്ന് സാങ്കേതിക വിദഗ്ധരായ അഞ്ചുപേരും ഉണ്ടായിരുന്നു. അതിൽ ഒരാൾ തലശ്ശേരി സ്വദേശി കെ.എം. വേണുഗോപാലനായിരുന്നു. ഇത്തവണത്തെ പ്രോജക്ട് രണ്ട് ഗവൺമെൻറിൻെറയും സാമ്പത്തിക സഹായത്തോടെയുള്ള അന്താരാഷ്ട്ര സംരംഭമാണ്. നോർവീജിയൻ ധ്രുവഗവേഷണ സ്ഥാപനത്തിലെ സീനിയർ സയൻറിസ്റ്റ് ആയ ഡോ. കെന്നി മൽസുവോക ആണ് നോർവീജിയൻ ടീം ലീഡർ. ജപ്പാൻ പൗരനാണ് കെന്നി. സ്വീഡനിലെ ഡോ. കാതറിൻ ലിൻഡ്ബാക്ക്, യു.കെയിലെ ഹാർവി ഗുഡ്വിൻ, നോർവേയിലെ തോമസ് ബേൺസെൻ എന്നിവരാണ് നോർവീജിയൻ ടീമംഗങ്ങൾ. ഇവർ ഓരോരുത്തരും വെവ്വേറെ രാജ്യക്കാരാണെന്നതാണ് ഒരുകാര്യം. മറ്റൊന്ന് ചെറിയ രാജ്യമായിട്ടും ആ രാജ്യങ്ങൾ സാങ്കേതിക വിദ്യയിലെല്ലാം എത്രത്തോളം വളർന്നിട്ടുണ്ടെന്ന് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. പ്രോജക്ടിലെ പെൺ സാന്നിധ്യമാണ് മറ്റൊന്ന്. ഹിമപഠനം (Glaciology) പോലെ ശാരീരികക്ഷമത ഏറെ വേണ്ട ജോലികളിൽപോലും സ്ത്രീകൾ ഒട്ടും പിറകിലല്ലെന്ന് തെളിയിക്കുന്നതായിരുന്നു സംഘത്തിലെ ഏക വനിത അംഗമായ കാതറിൻ ലിൻഡ് ബാക്കിൻെറ കഴിവും കഠിനാധ്വാനവും.

അൻറാർട്ടിക്കൻ യാത്രക്ക് നിരവധി മുന്നൊരുക്കങ്ങൾ ആവശ്യമാണ്. ആദ്യത്തേത് ടീം സെലക്ഷൻ. അതുകഴിഞ്ഞാൽ പിന്നെ വിശദമായ വൈദ്യപരിശോധനയാണ്. സൈക്കോളജിക്കൽ ടെസ്റ്റുകളുമുണ്ട്. ചെറിയ പ്രശ്നങ്ങളുണ്ടെങ്കിൽപോലും അൺഫിറ്റ് രേഖപ്പെടുത്തും. അൻറാർട്ടിക്കൻ സ്റ്റേഷനിൽ ഡോക്ടറുണ്ടാവുമെങ്കിലും സർജറിപോലുള്ളവ സാധ്യമല്ല. മെഡിക്കൽ ടെസ്റ്റ് പാസായാൽ പിന്നെ ഹിമാലയത്തിൽവെച്ചുള്ള പരിശീലനത്തിൻെറ കടമ്പയാണ്. അൻറാർട്ടിക്കയിലെ ഒരു പ്രശ്നം ഹിമക്കൊടുങ്കാറ്റാണ്. അതിൽ ഒറ്റപ്പെട്ടുപോയാൽ ക്യാമ്പിലേക്ക് മടങ്ങിയെത്താനുള്ള പരിശീലനവും നേടണം.

*ഇന്ത്യയിൽനിന്ന് അൻറാർട്ടിക്കയിലേക്കുള്ള യാത്രാമാർഗം? സ്പർശിച്ച അനുഭവങ്ങൾ*

● ഇന്ത്യയിൽനിന്ന് അൻറാർട്ടിക്കയിലേക്കുള്ള യാത്ര പണ്ട് കടൽമാർഗം മാത്രമേ സാധ്യമായിരുന്നുള്ളൂ. ഗോവയിൽനിന്ന് കടൽമാർഗം അൻറാർട്ടിക്കയിലെത്താൻ ഏതാണ്ട് ഒരുമാസമെടുക്കും. 2006ൽ ഞാൻ അങ്ങനെ യാത്രചെയ്തിട്ടുണ്ട്. സമയം ലാഭിക്കാനായി ഇപ്പോൾ ചില ചെറു സംഘങ്ങളായി വിമാനമാർഗം സൗത്ത് ആഫ്രിക്കയിലെ കേപ്ടൗണിലേക്കും പിന്നെ അവിടെനിന്ന് കടൽമാർഗം എട്ടുദിവസം അതല്ലെങ്കിൽ പ്രത്യേകം ചാർട്ടർചെയ്യുന്ന കാർഗോ ഫ്ലൈറ്റിൽ എട്ടുമണിക്കൂർ യാത്ര ചെയ്തും അൻറാർട്ടിക്കയിൽ എത്താം. ഇത്തരം ഫ്ലൈറ്റുകൾ ലാൻഡ് ചെയ്യാൻവേണ്ടി പല രാജ്യങ്ങളുംചേർന്ന് അവിടെ ഹിമ റൺവേയും ഉണ്ടാക്കിയിട്ടുണ്ട്. ആദ്യമായി തെക്കൻ സമുദ്രത്തിൽ യാത്രചെയ്തപ്പോൾ തൊട്ടുമുന്നിൽ ഹിമാനികൾ കണ്ടതിൻെറ ആശ്ചര്യത്തിലായിരുന്നു ഞാൻ. പക്ഷേ, അത് അധികം നീണ്ടുനിന്നില്ല. 55 ഡിഗ്രി സൗത്ത് കഴിഞ്ഞ ഉടനത്തെന്നെ കാലാവസ്ഥ മാറിമറിയാൻ തുടങ്ങി. കൊടുങ്കാറ്റിൽപെട്ട് മഞ്ഞുപാളികൾക്കടുത്ത് കപ്പൽ ഒരു കളിപ്പാട്ടംപോലെ ആടിയുലഞ്ഞു. അൻറാർട്ടിക്കൻ യാത്രികർക്ക് എന്നും പേടിസ്വപ്നംതന്നെയാണ് സോൺ ഓഫ് ഫ്യൂരിയസ് ഫിഫ്റ്റീസ്. കാലാവസ്ഥ എങ്ങനെ മാറിമറിയുമെന്ന് പ്രവചിക്കാൻ പോലും ആകാത്ത സ്ഥലം. കപ്പൽ യാത്രക്കുശേഷമുള്ള പര്യടനം ചെറുവിമാനത്തിലായിരുന്നു. ഫ്ലൈറ്റ് ലാൻഡ് ചെയ്ത് പുറത്തിറങ്ങി മഞ്ഞുപാളികളിൽ കാലുകുത്തിയപ്പോൾ തോന്നിയത് ഒരുതരം സ്ഥലകാല വിഭ്രമമാണ്. മറ്റേതോ ഗ്രഹത്തിൽ കാലുകുത്തിയതുപോലെ, ശരിക്കും ഒരു അദ്ഭുതലോകം. അന്തരീക്ഷ മലിനീകരണം തീരെ ഇല്ലാത്തതുകൊണ്ടുതന്നെ അന്തരീക്ഷത്തിൽ മഞ്ഞുമൂടാത്ത സമയങ്ങളിൽ ചിലപ്പോൾ 200, 300 കിലോമീറ്റർ അപ്പുറമുള്ള സ്ഥലങ്ങൾപോലും വ്യക്തമായി കാണാം.

ഇന്ത്യയുടെ ആദ്യ ദക്ഷിണധ്രുവ പര്യടനത്തിൽ ഞാനും അംഗമായിരുന്നു. ആകെ എട്ടുപേർ. നമ്മുടെ സ്റ്റേഷൻ അൻറാർട്ടിക്കയുടെ തുടക്കമാണെങ്കിൽ ദക്ഷിണ ധ്രുവം ഭൂമിയുടെ ഏറ്റവും തെക്കേ അറ്റമാണ്. 2010ൽ ഏതാണ്ട് 21 ദിവസം നീണ്ടുനിന്ന 2000 കിലോമീറ്റർ ഹിമ പര്യടനം. മൈനസ് 60 ഡിഗ്രി സെൽഷ്യസ് വരെയുള്ള കഠിനമായ തണുപ്പും കാറ്റും കാരണം പ്ലാൻ ചെയ്തപോലെ ഒരുകാര്യവും നടന്നില്ല. മനുഷ്യൻെറ അടിസ്ഥാന ആവശ്യങ്ങൾ എത്രത്തോളം മഹത്തരമാണെന്ന് മനസ്സിലാക്കിത്തന്നത് ഒരുപക്ഷേ, ആ യാത്രയായിരിക്കാം. വെള്ളം, ഭക്ഷണം, വസ്ത്രം, താമസം എന്നിവയുടെ വില മനസ്സിലാക്കിയ ദിവസങ്ങൾ. അൻറാർട്ടിക്കയിൽ യാത്രചെയ്യാൻ പ്രധാനമായും വലിയ ട്രാക്ക് ഘടിപ്പിച്ച ഹിമവാഹനങ്ങളാണ് ഉപയോഗിക്കുന്നത്.

*അൻറാർട്ടിക്കയിലെ പകലും രാത്രിയും, ചൂടും തണുപ്പും*

● ദക്ഷിണ ധ്രുവത്തിനടുത്ത് കിടക്കുന്നതുകൊണ്ട് ഇവിടത്തെ രാത്രികളും പകലുകളും നമ്മുടേതുപോലെയല്ല. നമ്മുടെ ശരത്-ശിശിര കാലങ്ങളാണിവിടെ ഗ്രീഷ്മം. അൻറാർട്ടിക്കൻ വേനൽക്കാലം എന്നും പകലുകളാണ്. സൂര്യനസ്തമിക്കാത്ത കാലം. ആറുമാസത്തോളം രാത്രി ഇല്ലെന്നുതന്നെ പറയാം. ആദ്യമായി അൻറാർട്ടിക്കയിലെത്തുന്നവരെ അദ്ഭുതപ്പെടുത്തുന്നതും അലോസരപ്പെടുത്തുന്നതും ഈ സൂര്യൻെറ ഉറക്കമില്ലാത്ത പ്രകടനമാണ്. പലർക്കും ആദ്യദിനങ്ങൾ ഉറങ്ങാനും ബുദ്ധിമുട്ടുണ്ടാവും. അർധരാത്രിയിലെ സൂര്യൻ ഒരു അനുഭവം തന്നെയാണ്. ഓസോൺ പാളികൾക്കുള്ള വിള്ളലുകൾ കാരണം അൻറാർട്ടിക്കയിൽ അൾട്രാ വയലറ്റ് റേഡിയേഷൻ ഏറ്റവും കൂടുതലാണ്. പെട്ടെന്ന് സൂര്യാതപവും സംഭവിക്കാം. അൾട്രാ വയലറ്റ് പ്രൊട്ടക്ഷൻ ഉള്ള സൺ ഷേഡ് ധരിക്കാതെ പുറത്തിറങ്ങാനാവില്ല. അൻറാർട്ടിക്കയൊരു തണുത്ത മരുഭൂമിയാണ്. ചില സ്ഥലങ്ങളിൽ തണുപ്പ് മൈനസ് 90 ഡിഗ്രി സെൽഷ്യസ് വരെ രേഖപ്പെടുത്തിയിട്ടുണ്ട്. പലപ്പോഴും ഹിമതീരത്തെ പകലുകൾക്ക് ചൂടുകൂടി ഐസ് ഉരുകും. പലയിടത്തും അത് ചെറു അരുവികളായി മാറും. അതുകൊണ്ട് രാത്രികളിലാണ് കൂടുതലും ഞങ്ങൾ ഡ്രില്ലിങ് വർക്ക് ചെയ്യുന്നത്. ശരത്കാലങ്ങളിലെ വെളിച്ചമില്ലായ്മ ജീവിതഗതിയുടെ താളം തെറ്റിച്ചേക്കും. ചിലപ്പോഴത് ഡിപ്രഷന് വരെ കാരണമാകാം.



ഇന്തോ-നോർവീജിയൻ ഗവേഷക സംഘം മൈത്രി സ്റ്റേഷനു മുന്നിൽ

*അൻറാർട്ടിക്കയിലെ ജീവിതം, ബുദ്ധിമുട്ടുകൾ*

● ഇന്ത്യയുടെ നാലരയിരട്ടി വലുപ്പമുള്ള ഭൂഖണ്ഡമാണ് അൻറാർട്ടിക്ക. അതിൻെറ 98 ശതമാനവും മഞ്ഞുമാത്രം. ചില സ്ഥലങ്ങളിൽ മഞ്ഞുപാളികളുടെ കട്ടി നാലു കിലോമീറ്ററിലധികം വരും. ആർട്ടിക് പ്രദേശത്തെപ്പോലെയല്ല അൻറാർട്ടിക്ക. ആർട്ടിക്കിൽ അൻറാർട്ടിക്കയെക്കാൾ തണുപ്പ് കുറവാണ്. പിന്നെ യൂറോപ്പുമായി അടുത്തുകിടക്കുന്നതുകൊണ്ട് യാത്രസൗകര്യങ്ങളും ഭേദപ്പെട്ടതാണ്. ആർട്ടിക് പ്രദേശങ്ങളിൽ 'ഇന്യൂട്ട്' (eskimo) വിഭാഗത്തിലുള്ളവർ താമസിച്ചുവരുന്നുണ്ട്. കൂടാതെ ധ്രുവക്കരടികളും മറ്റു ജീവികളും അധിവസിക്കുന്നുണ്ട്. എന്നാൽ, അൻറാർട്ടിക്കയിലുള്ളത് പെൻഗ്വിനുകളും പിന്നെ ഗവേഷണത്തിനായി തങ്ങുന്ന ഞങ്ങളെപ്പോലുള്ളവരും മാത്രമാണ്.

പ്രകൃതിയോട് ഒരിക്കലും ഏറ്റുമുട്ടാൻ നോക്കരുത് എന്നതാണ് ഇവിടത്തെ നിയമം. പ്രകൃതിയുടെ ഒരു ഭാഗമാകാൻ നോക്കണം. ഒരിക്കലും ഒറ്റക്ക് പുറത്തുപോകരുതെന്നതാണ് അൻറാർട്ടിക്കയിലെ എഴുതപ്പെടാത്ത നിയമം. 'ബഡ്ഡി സിസ്റ്റം' ആണ് അവിടെ. പുറത്തിറങ്ങുമ്പോൾ ഒരാളെങ്കിലും നമ്മുടെ കൂടെയുണ്ടാവണം. ആശയവിനിമയ സംവിധാനവും കൈയിലുണ്ടാകണം. അടിക്കടി മാറുന്ന കാലാവസ്ഥയാണ് അൻറാർട്ടിക്കയിലെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് എന്ന് മനസ്സിലാക്കണം. ഒരു കാറ്റടിച്ചാൽ മഞ്ഞുപടലങ്ങൾ പടരും, മരുഭൂമിയിലെ മണൽക്കാറ്റുപോലെ. അഞ്ചുമീറ്റർ അപ്പുറത്തുള്ളവരെപ്പോലും ചിലപ്പോൾ കാണാൻപറ്റാതാവും. ഞങ്ങളെപ്പോലുള്ള ജോലികൾ ചെയ്യുന്നവർ നേരിടുന്ന മറ്റൊരു അപകടമുണ്ട് -'ഹിമ വിള്ളലുകൾ.' വളരെ സുന്ദരമായി കിടക്കുന്ന ഹിമപാളികളിൽ ഒരുപാട് ചതിക്കുഴികളുണ്ട്. മുകളിൽനിന്ന് നോക്കുമ്പോൾ ഒന്നും കാണില്ല, വെറും പരന്നുകിടക്കുന്ന മഞ്ഞുമാത്രം. സൂക്ഷിച്ചില്ലെങ്കിൽ വീഴുന്നത് ചിലപ്പോൾ തിരിച്ചുവരാൻ പറ്റാത്ത ആഴങ്ങളിലേക്കാകും.

*പഠനം, ജോലി, നേട്ടങ്ങൾ*

● നിലവിൽ നാഷനൽ സെൻറർ ഫോർ അൻറാർട്ടിക് ആൻഡ് ഓഷ്യൻ റിസർച്ചിൽ സീനിയർ സയൻറിസ്റ്റ് ആയി ജോലിചെയ്തുവരുകയാണ്. ഇന്ത്യയിൽ ആദ്യമായി അൻറാർട്ടിക് ഐസ് കോർ ഉപയോഗിച്ചുള്ള പഠനശാഖ ആരംഭിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി കാണുന്നു. ഇതിലേക്കായി, 2002ൽ, ഗോവയിൽ ഇന്ത്യയിലെ ആദ്യത്തെ ഐസ് കോർ ലബോറട്ടറിയും സ്ഥാപിക്കാനായി. 2016ൽ ഇന്ത്യയുടെ ഹൈ അൾട്ടിറ്റ്യൂഡ് റിസർച് സ്റ്റേഷനായ 'ഹിമാൻഷ്' ഹിമാലയത്തിൽ സ്ഥാപിക്കാൻ നേതൃത്വം വഹിക്കാൻ കഴിഞ്ഞതും നേട്ടമാണ്. 13,500 അടി ഉയരത്തിലാണ് ഹിമാൻഷ് സ്ഥാപിച്ചിരിക്കുന്നത്. കാസർകോട് ഗവ. കോളജിൽനിന്ന് ജിയോളജിയിൽ ബിരുദമെടുത്ത ശേഷം കുസാറ്റിൽനിന്ന് മറൈൻ ജിയോളജിയിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം നേടി. യു.ജി.സിയുടെ CSIR നെറ്റ് സ്കോളർഷിപ്പോടെ ഗോവയിൽ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫിയിൽ പിഎച്ച്.ഡി ചെയ്തു. പിന്നെ ജർമനി, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ ഗവേഷണം.

ജർമൻ അക്കാദമിക് എക്സ്ചേഞ്ച് സർവിസ് ഫെലോഷിപ്, ഇന്ത്യൻ സയൻസ് കോൺഗ്രസിൻെറ യങ് സയൻറിസ്റ്റ് അവാർഡ്, ഇൻറർനാഷനൽ കൗൺസിൽ ഫോർ സയൻസിൻെറ സ്റ്റാർട്ട് യങ് സയൻറിസ്റ്റ് അവാർഡ്, ഇന്ത്യ ഗവൺമെൻറിൻെറ നാഷനൽ ജിയോ സയൻസ് അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ തേടിയെത്തിയിട്ടുണ്ട്. എന്നാലും നമ്മുടെ എല്ലാ നേട്ടങ്ങൾക്കും കുറെ പങ്ക് കുടുംബത്തിനുള്ളതാണ്. ●



04

● കൈറോ ആസ്ഥാനമായി അറബ് ലോകം ഭരിച്ച മംലൂക്ക് സാമ്രാജ്യം ഓർമയായിട്ട് 500 വർഷം തികയുന്ന വേളയിൽ അവിടേക്ക് നടത്തിയ യാത്ര

**മംലൂക്ക് സാമ്രാജ്യത്തിൻെറ ഓർമയിൽ**



സിനിമ

# ഏകാകിയായ സിനിമാക്കാരൻ

## സാമൂഹികപ്രാധാന്യമുള്ള സിനിമകളിലൂടെ ശ്രദ്ധേയനായ കവിയൂർ ശിവപ്രസാദിൻെറ സിനിമകളെയും സിനിമാവഴികളെയും കുറിച്ച്

**റഷാദ് കൂരാട്**

ഏകാന്തതയെ കളിത്തോഴനാക്കി സിനിമയുടെ ആഴങ്ങളിലേക്ക് സഞ്ചരിച്ച സംവിധായകനാണ് കവിയൂർ ശിവപ്രസാദ്. മുഖ്യധാരാ സിനിമാ പ്രവർത്തനത്തിൽനിന്ന് മാറി സ്വന്തം ശൈലിയിലൂടെ സിനിമയെ അടയാളപ്പെടുത്താൻ ശിവപ്രസാദ് ശ്രമിച്ചു. അതുകൊണ്ടുതന്നെ പ്രതിസന്ധികൾ ആവോളമുണ്ടായിരുന്നു അദ്ദേഹത്തിനു മുന്നിൽ. എട്ട് സിനിമകൾ, എൺപതിലധികം ഷോർട്ട് ഫിലിമുകൾ, നിരവധി ഡോക്യുമെൻററികൾ, ടി.വി സീരിയലുകൾ, പരസ്യചിത്രങ്ങൾ, അധ്യാപകൻ, എഴുത്തുകാരൻ... കവിയൂർ ശിവപ്രസാദിൻെറ സ്വന്തം അക്കൗണ്ടിലുള്ളത് ഇത്രയൊക്കെയാണ്. എന്നിട്ടും അർഹമായ പരിഗണന മലയാള സിനിമ നൽകിയോ എന്ന് ചോദിക്കുമ്പോൾ ശാന്തനായി അദ്ദേഹം പറയും: "ഞാൻ സിനിമയെടുക്കുന്നത് എൻെറ സംതൃപ്തിക്കുവേണ്ടി മാത്രമാണ്. എൻെറ സ്വതന്ത്രമായ ആവിഷ്കാരമാണ് എൻെറ ഓരോ സിനിമയും..."

### സിനിമകൾ കണ്ടുനടന്ന ബാല്യം

പ്രേംനസീറിൻെറയും സത്യൻെറയും സിനിമകൾ പുറത്തിറങ്ങിയ സമയത്ത്, മിക്കതും വിടാതെ കണ്ടിരുന്ന കൊച്ചു പയ്യനായിരുന്നു ശിവപ്രസാദ്. നടൻ ആകാനായിരുന്നു കൊച്ചു ശിവപ്രസാദിൻെറ മോഹം. അതിനുള്ള കഴിവും പ്രാപ്തിയും ഇല്ലെന്ന തോന്നലിൽ അതുപേക്ഷിച്ചു. ചങ്ങനാശ്ശേരിയിൽ അന്നുണ്ടായിരുന്ന ഫിലിം സൊസൈറ്റി പ്രസ്ഥാനം സിനിമാസ്വാദകർക്കും പ്രവർത്തകർക്കുമുള്ള മികച്ചൊരു തട്ടകമായിരുന്നു. അവിടെ ചേർന്ന് പ്രവർത്തിച്ചപ്പോഴാണ് സിനിമയുടെ ഗൗരവതലവും സൗന്ദര്യബോധവും ശിവപ്രസാദിനെ ആഴത്തിൽ ചിന്തിപ്പിച്ചത്. ബാല്യംതൊട്ടേ വായനയെ അദ്ദേഹം കൂടപ്പിറപ്പാക്കി. തിരുവല്ല മാർത്തോമാ കോളജിലെ ഡിഗ്രി പഠനസമയത്തെ സിനിമാകാഴ്ചകളും വായന അറിവും കൂടിച്ചേർന്നപ്പോൾ ശിവപ്രസാദിൻെറ മനസ്സിൽ പതിയെ ഒരു സംവിധായകൻ രൂപപ്പെടുകയായിരുന്നു.

### ദൃശ്യഭാഷാ ലോകത്തേക്ക്

ഡിഗ്രി പഠനം പൂർത്തിയായപ്പോൾ അടുത്ത ലക്ഷ്യം എന്ത് എന്ന ചോദ്യത്തിന് ശിവപ്രസാദിൻെറ മനസ്സിൽ വ്യക്തമായ ഉത്തരമുണ്ടായിരുന്നു -സംവിധായകൻ. ആഗ്രഹം സഫലമാക്കാൻ ശിവപ്രസാദ് നേരെ വണ്ടി കയറിയത് പുണെയിലേക്കാണ്. പ്രവേശനപരീക്ഷയിൽ ഒന്നാമനായിത്തന്നെ ശിവപ്രസാദ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൻെറ പടിവാതിൽ കടന്നു. സിനിമയെക്കുറിച്ച് അതുവരെ അറിഞ്ഞ കാര്യങ്ങളെക്കാൾ കൂടുതൽ മനസ്സിലാക്കാനുണ്ടെന്ന് അവിടത്തെ പഠനത്തിൽനിന്ന് ബോധ്യമായി. ഒന്നാം റാങ്കോടെയാണ് പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് സംവിധാന കോഴ്സ് പൂർത്തിയാക്കുന്നത്. പഠനാനന്തരം സുഹൃത്ത് തമിഴ്നാട്ടിൽനിന്നുള്ള സ്വർണവേലുമൊത്ത് ഒരു പരസ്യചിത്ര കമ്പനി ആരംഭിച്ചു. 'അഡിക്ഷൻ' എന്നായിരുന്നു അതിൻെറ പേര്. മനസ്സുനിറയെ സിനിമയായിരുന്നെങ്കിലും പരസ്യം എന്ന ദൃശ്യകലയുടെ സ്വഭാവത്തെക്കുറിച്ച് മനസ്സിലാക്കാൻ ആ ജോലി സഹായിച്ചു. പരസ്യരംഗത്ത് അവസരങ്ങൾ നിരവധി ലഭിച്ചെങ്കിലും പലതും വേണ്ടെന്നുവെച്ചു.

അങ്ങനെയിരിക്കെ നാഷനൽ ഫിലിം ഡെവലപ്മെൻറ് കോർപറേഷനുമായി (എൻ.എഫ്.ഡി.സി) സഹകരിച്ച് സിനിമ എടുക്കാനുള്ള അവസരം കൈവന്നു. മലയാളത്തിൻെറ പ്രിയ കഥാകാരി മാധവിക്കുട്ടിയുമായി അന്ന് ശിവപ്രസാദിന് നല്ല സൗഹൃദമുണ്ടായിരുന്നു. അവരുടെ 'രുഗ്മിണിക്കൊരു പാവക്കുട്ടി' എന്ന കഥ സിനിമയാക്കാൻ തീരുമാനിച്ചു. കഥ സിനിമയാക്കാൻ മാധവിക്കുട്ടി പൂർണസമ്മതം അറിയിച്ചു. അങ്ങനെ തിരക്കഥയും തയാറെടുപ്പുകളും പൂർത്തിയാക്കി. എന്നാൽ, സിനിമക്ക് പണം മുടക്കാമെന്ന് സമ്മതിച്ച ആൾ പെട്ടെന്ന് പിന്മാറിയത് കനത്ത തിരിച്ചടിയായി. ഈ കഥ സിനിമയാക്കിയാൽ ഏറെ വിവാദം ഉണ്ടാകുമെന്ന് പറഞ്ഞ് നിർമാതാവ് ഒഴിഞ്ഞുമാറി. അങ്ങനെ ആദ്യ സിനിമാമോഹം ഇരുളടഞ്ഞു.



കവിയൂർ ശിവപ്രസാദ്

1983ൽ നാട്ടിൽ കഴിയുന്ന സമയത്ത് സുഹൃത്ത് വഴി ശിവപ്രസാദിന് മറ്റൊരു അവസരം ലഭിച്ചു, ജേക്കബ് തോമസ് എന്നയാളുമായി സഹകരിച്ച് ഒരു സിനിമയെടുക്കാൻ. കിട്ടിയ അവസരം മികച്ച രീതിയിൽ പ്രയോജനപ്പെടുത്തണമെന്ന ലക്ഷ്യത്തോടെ ശിവപ്രസാദ് അതേറ്റെടുത്തു. നാരായണൻ ഉണ്ണിത്താൻ തിരക്കഥ എഴുതിയ 'ജലരേഖ'യായിരുന്നു ചിത്രം. പക്ഷേ, ചിത്രം പാതിവഴിക്ക് മുടങ്ങി.

വിക്രമോർവശീയത്തെ ആധാരമാക്കി സംവിധാനംചെയ്ത 'പുരൂരവസ്സ്' എന്ന ചിത്രമാണ് ശിവപ്രസാദിൻെറ പൂർത്തിയാക്കിയ ആദ്യ ചിത്രം. 1985ലാണ് ഈ സിനിമ പുറത്തിറങ്ങിയത്. മലയാളത്തിലെ ആദ്യത്തെ 'അതീന്ദ്രിയ' സിനിമ എന്ന വിശേഷണമുള്ള ചിത്രമായിരുന്നു അത്. ഏറെ സൗന്ദര്യാത്മകതയോടെ ചിത്രീകരിച്ച ഈ ചിത്രം വിവിധ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിച്ചു.

### സാമൂഹികശ്രദ്ധയുള്ള സിനിമകൾ

സാമൂഹികപ്രശ്നങ്ങളും വിഷയങ്ങളും കൈകാര്യം ചെയ്യുന്നു എന്നതാണ് ശിവപ്രസാദിൻെറ സിനിമകളുടെ പ്രത്യേകത. 1990ൽ പുറത്തിറങ്ങിയ 'വേമ്പനാട്' എന്ന സിനിമക്ക് സംസ്ഥാന സർക്കാറിൻെറ അവാർഡ് ലഭിക്കാനുള്ള കാരണവും അതുതന്നെയായിരുന്നു. വേമ്പനാട് കായലിനു തീരത്തെ മത്സ്യബന്ധനതൊഴിലാളി കുടുംബങ്ങളുടെ ജീവിതമായിരുന്നു സിനിമാപ്രമേയം. ശിവപ്രസാദിൻെറ മാസ്റ്റർപീസായി കണക്കാക്കുന്നതും സംവിധായകൻ എന്ന നിലയിൽ മികച്ച നേട്ടം കൈവന്നതും ഈ സിനിമയിൽനിന്നാണ്. മികച്ച സംവിധായകനുള്ള സംസ്ഥാന സർക്കാറിൻെറ പുരസ്കാരത്തിനു പുറമെ, മലയാള സിനിമയെ വിദേശ രാജ്യങ്ങളിൽ പരിചയപ്പെടുത്താൻ ഒട്ടും സംഭാഷണങ്ങളില്ലാതെ ചിത്രീകരിച്ച ഈ സിനിമക്കായി.

1992ൽ ടി. പത്മനാഭൻെറ ഗൗരി എന്ന കഥയെ അതേ പേരിൽതന്നെ ശിവപ്രസാദ് സിനിമയാക്കി. കേരളത്തിലെ നക്സൽ പ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ 2002ൽ ചെയ്ത 'ഭേരി' എന്ന സിനിമ ഇന്നത്തെ സാമൂഹികാന്തരീക്ഷത്തിലും ഏറെ ചർച്ചചെയ്യപ്പെടുന്നതാണ്. നക്സൽ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ഗ്രോ വാസു മുതലുള്ള ആളുകൾ ചിത്രത്തിൽ അഭിനയിച്ചിട്ടുണ്ട്. 2004ൽ പുറത്തിറങ്ങിയ 'ഈ സ്നേഹതീരത്ത്' എന്ന സിനിമയും ഏറെ ചർച്ചചെയ്യപ്പെട്ടു. സംസ്ഥാന സർക്കാറിൻെറ പ്രത്യേക ജൂറി പരാമർശം കുഞ്ചാക്കോ ബോബന് നേടിക്കൊടുത്ത സിനിമകൂടിയാണിത്. സാമ്പത്തികനേട്ടവും പ്രേക്ഷക ശ്രദ്ധയും ഈ സിനിമക്ക് ലഭിച്ചു. ഏറ്റവും അവസാനം 2012ൽ ചെയ്ത 'സ്ഥലം' എന്ന ചിത്രം തികച്ചുമൊരു പരിസ്ഥിതി സിനിമയായിരുന്നു. പരിസ്ഥിതി പ്രവർത്തകൻ കല്ലേൻ പൊക്കുടനാണ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിച്ചത്.

### വിദ്യാർഥികളുടെ പ്രിയ ഗുരുനാഥൻ

പുണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കാനും അവിടെത്തന്നെ പഠിപ്പിക്കാനും ശിവപ്രസാദിന് ഭാഗ്യമുണ്ടായിട്ടുണ്ട്. ഹൈദരാബാദ് സെൻട്രൽ യൂനിവേഴ്സിറ്റിയിൽ വിസിറ്റിങ് പ്രഫസറായും ചങ്ങനാശ്ശേരി സെൻറ് ജോസഫ്സ് കോളജ് ഓഫ് കമ്യൂണിക്കേഷനിൽ അധ്യാപകനായും ജോലിചെയ്തിട്ടുണ്ട്. നിലവിൽ തിരൂർ മലയാളം സർവകലാശാലയിലും കോട്ടയം മഹാത്മാ ഗാന്ധി സർവകലാശാലയിലും ജേണലിസം വിദ്യാർഥികൾക്ക് ക്ലാസെടുക്കുന്നുണ്ട്. ഒരുപാട് പേർ അദ്ദേഹത്തിൻെറ ശിക്ഷണത്തിൽ സിനിമ മേഖലയിൽ എത്തിയിട്ടുണ്ട്. മകൻ സിദ്ധാർഥ് ശിവ പോലും അച്ഛൻെറ പാത പിന്തുടർന്നാണ് സിനിമയിലെത്തിയത്.

### സിനിമയെ കച്ചവടമാക്കരുത്

മലയാള സിനിമയിൽ വന്നിട്ടുള്ള മാറ്റങ്ങളെ പൂർണമായി ശിവപ്രസാദ് അംഗീകരിക്കുന്നില്ല. സിനിമക്ക് അതിൻേറതായ ഭാഷയും ഗ്രാമറുമുണ്ട്. അത് മനസ്സിലാക്കാൻ പുതിയ ആളുകൾക്ക് സാധിക്കുന്നില്ല. ഇപ്പോഴത്തെ സിനിമകളുടെ വലിയ ന്യൂനത, എന്താണ് ചിത്രീകരിക്കേണ്ടത് എന്നതിനെക്കുറിച്ച് അറിയാം; പക്ഷേ, അത് എങ്ങനെ ആലേഖനം ചെയ്യണമെന്നതിനെക്കുറിച്ച് വ്യക്തമായി അറിയാത്തതാണെന്ന് അദ്ദേഹം പറയുന്നു. ആരുടെയെങ്കിലും താൽപര്യങ്ങൾക്കോ ഇഷ്ടങ്ങൾക്കോ വഴങ്ങിക്കൊടുക്കേണ്ടിവരുമ്പോൾ അവിടെ കല പരാജയപ്പെടുന്നു. സാമ്പത്തികലാഭം ഉണ്ടാകുമായിരിക്കാം. എന്നാലും മനസ്സിലുദ്ദേശിച്ച കാര്യം നടക്കാതെ വരുമെന്നാണ് സിനിമയെ കച്ചവടമാക്കാൻ ആഗ്രഹിക്കാത്ത ഈ കലാകാരൻ പറയുന്നത്. ഞാൻ സിനിമയെടുക്കുന്നത് എൻെറ സംതൃപ്തിക്കുവേണ്ടി മാത്രമാണ്. മറ്റുള്ളവർ അംഗീകരിക്കണമെന്ന് ഒരു നിർബന്ധവുമില്ല-സിനിമയിലും പുറത്തും ഏകാകിയായ ശിവപ്രസാദ് പറയുന്നു. ●

അനുഭവം

# അയാളും അവരും തമ്മിൽ

**അയാളുടെ ചുറ്റും തെരുവിൽ അലയുന്ന മനുഷ്യർക്കൊപ്പം തെരുവിൽ അലയുന്ന മൃഗങ്ങളും ഉണ്ടായിരുന്നു**

**നാസർ**

ദേവാലയത്തിന് പിറകിലുള്ള വിശാലമായ മൈതാനത്തിലാണ് അയാൾ ചിലപ്പോഴൊക്കെ ഇരിക്കാറുള്ളത്. കൂടെ അയാളുടെ പ്രിയപ്പെട്ട നായയും. അവർ ഒപ്പമിരിക്കുമ്പോൾ അവിടെ നിശ്ശബ്ദത പരക്കും. അയാൾ മൗനംകൊണ്ട് സംസാരിക്കാൻ പഠിച്ചത് ആ നായയിൽനിന്നാണ്. അയാളുടെ അനേകം സൗഹൃദങ്ങളിൽ മനുഷ്യർ മാത്രമല്ല മൃഗങ്ങളുമുണ്ടായിരുന്നു. മനുഷ്യരോടെന്നപോലെ മൃഗങ്ങളോടും അയാൾ സംസാരിച്ചു. നിശ്ശബ്ദമായ ഇരുത്തങ്ങളിലാണ് അയാൾ തൻെറ ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നതും വിലയിരുത്തുന്നതും.

ഒരിക്കൽ ആ ഇരിപ്പിനിടെയാണ് അയാൾ തൻെറ പരിശീലനകാലം ഓർത്തത്. ആയിരക്കണക്കിന് മൈലുകൾക്കപ്പുറം തൻെറ ഗുരുവിൻെറ കൂടെ താമസിക്കുന്ന കാലം. സഹപാഠിയായ ആനന്ദനുമുണ്ടായിരുന്നു. ഗുരുവിൻെറ പ്രിയപ്പെട്ട അത്തോസ് എന്ന നായയും ഗോരി എന്ന പൂച്ചക്കുട്ടിയും അവർക്കും പ്രിയപ്പെട്ടതായി. ഗുരു ആ ഗ്രാമത്തിലെ ഗോത്രവർഗത്തോടൊപ്പം ജീവിച്ച് സേവനങ്ങൾ ചെയ്തിരുന്നു. ഓരോ ദിനവും ഗുരു അവരെ ഓരോ പുതിയ പാഠങ്ങൾ പഠിപ്പിച്ചു. പുതിയ അനുഭവങ്ങൾ പകർന്നു. മനുഷ്യനെയും മൃഗങ്ങളെയും മണ്ണിനെയുമെല്ലാം അയാൾ ആഴത്തിൽ അറിഞ്ഞത് അവിടെനിന്നാണ്. ഈ ദിവസങ്ങളിലാണ് അയാൾ അത്തോസും ഗോരിയുമായി കൂടുതൽ അടുത്തത്. ഗുരുകുലത്തിൻെറ മുറ്റത്ത് മണ്ണുകൊണ്ട് നിർമിച്ച, നാലുഭാഗവും തുറന്നു കിടക്കുന്ന മണ്ഡപത്തിൽ അയാളും ആനന്ദനും രാത്രി കിടക്കുമ്പോൾ കൂട്ടിന് അത്തോസും ഗോരിയും ഉണ്ടായിരുന്നു.

ജീവിച്ച ഇടങ്ങളിലെല്ലാം മനുഷ്യരോടെന്നപോലെ പക്ഷികളോടും മൃഗങ്ങളോടും മരങ്ങളോടും അയാൾ സൗഹൃദം സൂക്ഷിച്ചു.അയാളുടെ ചുറ്റും തെരുവിൽ അലയുന്ന മനുഷ്യർക്കൊപ്പം തെരുവിൽ അലയുന്ന മൃഗങ്ങളും ഉണ്ടായിരുന്നു. പരിശീലനകാലത്തെ ഓർമകളിൽനിന്ന് അയാളുടെ മനസ്സ് വേദനിപ്പിച്ച രണ്ട് ഓർമകളിലേക്ക് മാറി. ആദ്യത്തേത് ഒരു താറാവുകുഞ്ഞിൻേറതും രണ്ടാമത്തേത് നായക്കുഞ്ഞുങ്ങളുടേതുമായിരുന്നു.

ഒരിക്കൽ യാത്രകഴിഞ്ഞ് വരുകയായിരുന്ന അയാൾ പാതയരികിൽ ചെറിയ ആൾക്കൂട്ടം കണ്ടാണ് വാഹനം നിർത്തിയത്. ഒരു താറാവുകുഞ്ഞ് അപകടത്തിൽ പെട്ട് കാലുകളും പിൻഭാഗവും ചതഞ്ഞരഞ്ഞ് കിടക്കുന്നു. അതിൻെറ ഉടമസ്ഥൻ തൻെറ നഷ്ടത്തെക്കുറിച്ച് വിലപിക്കുകയാണ്. അയാളുടെ ഉള്ളിൽ സങ്കടംനിറഞ്ഞു. പെട്ടെന്നാണ് അയാൾ പറഞ്ഞത്, 'ആ താറാവിൻ കുഞ്ഞിനെ എനിക്ക് തരാമോ?' കേട്ടവർ ചിരിച്ചു, പരിഹസിച്ചു. കൂട്ടത്തിലൊരാൾ ഉടമസ്ഥനോട് താറാവിനെ കൊടുക്കാൻ പറഞ്ഞപ്പോൾ പണം വേണമെന്നായി. അയാൾ പോക്കറ്റിൽ തപ്പി എത്ര രൂപ ഉണ്ടെന്നുപോലും നോക്കാതെ ഉണ്ടായിരുന്നത് മുഴുവൻ ഉടമസ്ഥന് കൊടുത്ത് താറാവിനെ വാങ്ങി. അയാൾ അതിനെയും കൊണ്ട് വേഗത്തിൽ തൻെറ വാസസ്ഥലത്തെത്തി. പരിക്കേറ്റ താറാവിനെ എങ്ങനെ പരിചരിക്കുമെന്ന് അയാൾ അടുത്തുള്ള പലരോടും ചോദിച്ചു. പക്ഷേ, ആർക്കും ഉത്തരമുണ്ടായില്ല. എന്നാൽ, അയാൾക്കതിനെ കൈയൊഴിയാനായില്ല. ഒടുവിൽ, ഗ്രാമത്തിലെ ഒരു വൃദ്ധ മുന്നോട്ടു വന്നു. അയാൾ താറാവിനെ അവരെ ഏൽപിച്ച് കുറച്ചകലെ മാറിനിന്നു. അയാൾക്ക് ആ പക്ഷിയുടെ വേദനകാണാനുള്ള കരുത്തുണ്ടായിരുന്നില്ല. ആ വൃദ്ധ ഓരോ സാധനവും എത്തിക്കാൻ ആവശ്യപ്പെടുന്നതിനനുസരിച്ച് അയാൾ ഓടിക്കൊണ്ടിരുന്നു.

സമയം കുറെ കഴിഞ്ഞു. താറാവിൻെറ മുറിവുകളിൽ തുന്നലുകൾ ഇട്ടു, മുറിവിൽ മരുന്ന് വെച്ചു. ഒരു കുട്ടയിൽ താറാവിനെയും പിടിച്ച് അയാൾ വീട്ടിലെത്തി. നിലത്തു തുണി വിരിച്ച് അതിനെ കിടത്തി. ഭക്ഷണവും വെള്ളവും കൊടുത്തു. രണ്ടാം ദിവസം അയാൾ പക്ഷികളെയും മൃഗങ്ങളെയും നോക്കുന്ന ഒരു വൈദ്യനെ വളരെ ദൂരെനിന്നും കൊണ്ടുവന്നു. വൈദ്യൻ മരുന്നുകൾ കൊടുത്തെങ്കിലും തമാശയായി പറഞ്ഞു, 'ഇതിൻെറ ചികിത്സക്ക് ചെലവായതുകൊണ്ട് ധാരാളം താറാവിനെ വാങ്ങാൻ കഴിയുമല്ലോ?' അയാൾ ഒന്നും പറഞ്ഞില്ല. പണം കൊടുത്ത് വൈദ്യനെ യാത്രയാക്കി.

താറാവിൻെറ മുറിവുകൾ ഉണങ്ങിത്തുടങ്ങി. പതിയെ പകുതി നഷ്ടപ്പെട്ട കാലുകളിൽ സഞ്ചരിക്കാൻ ശ്രമം ആരംഭിച്ചു. അതിന് കൃത്രിമകാലുകൾ പറ്റുമോ എന്നതായി അയാളുടെ അന്വേഷണം. മുറിവുകൾ പൂർണമായി ഉണങ്ങിയാൽ കൃത്രിമകാലുകൾ പിടിപ്പിക്കാൻ കഴിയും എന്ന വാർത്ത അയാളെ സന്തോഷിപ്പിച്ചു. അന്നയാൾ ആളുകൾക്ക് മധുരംനൽകി. ഒരു മനുഷ്യനു പോലും ഇത്രയും സ്നേഹവും പരിചരണവും കിട്ടുന്നില്ലല്ലോ, ആ താറാവ് ഭാഗ്യം ചെയ്തതാണെന്ന് ചില ആളുകൾ പറഞ്ഞു. എന്നാൽ, നിർഭാഗ്യവശാൽ അസുഖം കലശലായി നാലാം ദിവസം താറാവ് ജീവൻ വെടിഞ്ഞു. പുറത്തെ മുറിവുകൾ ഉണങ്ങിയിരുന്നെങ്കിലുംഅകത്തെ മുറിവുകൾ ഉണങ്ങിയിരുന്നില്ല. അയാൾ അതിൻെറ ജഡം ഒരു മാവിൻചുവട്ടിൽ കുഴിച്ചുമൂടി. രണ്ടാമത്തെ സംഭവത്തിൽ നായക്കുഞ്ഞുങ്ങളാണ് കഥാപാത്രങ്ങൾ. പട്ടണത്തിലെ ഒരു പ്രമാണിയെ കണ്ടിറങ്ങും വഴിയാണ് ഒരു പാറാവുകാരൻ വഴിയരികിലെ കുറച്ചു നായ്ക്കുഞ്ഞുങ്ങൾക്കു പഴകിയ ഭക്ഷണ അവശിഷ്ടം കൊടുക്കുന്നത് കണ്ടത്. ആകെ എട്ടു കുഞ്ഞുങ്ങൾ. അയാൾ അടുത്തേക്കു ചെന്ന് കുഞ്ഞുങ്ങളുടെ അമ്മയെ അന്വേഷിച്ചു. ഒരു അപകടത്തിൽ മരിച്ചെന്നായിരുന്നു കാവൽക്കാരൻെറ നിസ്സംഗതയോടെയുള്ള മറുപടി. അയാൾ ആ പട്ടിക്കുട്ടികളെ കൈയിലെടുത്തു നോക്കി. ചെറിയ കുഞ്ഞുങ്ങൾ, കണ്ണ് തുറന്നു തുടങ്ങുന്നേ ഉള്ളൂ. അടുത്തുള്ള കടയിൽ ചെന്ന് ആ നായ്ക്കുട്ടികൾക്കു കുടിക്കാൻ ചൂടുപാലും മറ്റും അയാൾ വാങ്ങിവന്നു. ആ കുഞ്ഞുങ്ങളെ തൻെറ കൂടെ കൂട്ടിയാലോ എന്നാലോചിച്ചെങ്കിലും അത് പ്രായോഗികമല്ലായിരുന്നു. അവരെയുംകൊണ്ട് യാത്ര ചെയ്യാനുള്ള സൗകര്യം അപര്യാപ്തമായിരുന്നു. മണിക്കൂറുകൾ അവരുടെ ഒപ്പം ചെലവഴിച്ചാണ് അയാൾ അന്ന് മടങ്ങിയത്. അടുത്തുള്ള കടയിൽനിന്ന് നായ്ക്കുഞ്ഞുങ്ങൾക്ക് ഭക്ഷണം വാങ്ങിക്കൊടുക്കാൻ ആ കാവൽക്കാരനെ പണം നൽകി പ്രത്യേകം ഏൽപിച്ചു.

തിരികെയെത്തിയിട്ടും ആ നായ്ക്കുട്ടികളെ ഉപേക്ഷിച്ചതിൻെറ സങ്കടം മാറിയിരുന്നില്ല. പിറ്റേ ദിവസം അയാൾ മണിക്കൂറുകളോളം യാത്ര ചെയ്ത് അവിടെയെത്തി. അവരുടെ അടുത്തിരുന്നു, ഭക്ഷണം കൊടുത്തു. അയാളുടെ പ്രവൃത്തിയിൽ വേറെ ചിലരും കൂടെ കൂടി. ആ കുഞ്ഞുങ്ങൾക്ക് കിടക്കാൻ ഒരു കുഞ്ഞുകൂട് നിർമിക്കപ്പെട്ടു. അതിൽ വിരിക്കാൻ അയാൾ നല്ലയിനം ഒരു കമ്പിളിപ്പുതപ്പു വാങ്ങിവന്നു. ഇടക്കൊക്കെ കുഞ്ഞുങ്ങളെ കാണാനായി മാത്രം അയാൾ മണിക്കൂറുകളോളം യാത്രചെയ്തു. ഒരു ദിവസം ചെന്നപ്പോൾ രണ്ടെണ്ണത്തിനെ കാണാനില്ല. തണുപ്പിൽ മരിച്ചു പോയതാണെന്ന് കാവൽക്കാരൻെറ മറുപടി. അയാൾ സങ്കടം പുറത്തു കാണിക്കാതെ ബാക്കിയുള്ളവക്ക് ഭക്ഷണവും പാലും കൊടുത്തു. പിന്നീട് ചെന്നപ്പോൾ മൂന്നെണ്ണത്തിനെ കൂടി കാണാനില്ല. അതും മരിച്ചിരിക്കുന്നു. ഇരുപത്തെട്ടാം ദിവസം അയാൾ ചെന്നപ്പോൾ കൂടു മാത്രം ബാക്കി. കാവൽക്കാരൻ പറഞ്ഞു, 'തണുപ്പ് കാരണം എല്ലാം മരിച്ചുപോയി. നമ്മൾ എങ്ങനെ നോക്കിയാലും അമ്മയുടെ ചൂട് കിട്ടിയില്ലെങ്കിൽ മരിച്ചുപോകും.' അയാൾ ഒന്ന് ചിരിച്ചു പതിയെ നടന്ന് അവിടെയെല്ലാം നോക്കി. ഇനിയെങ്ങാനും ഇവിടെ പതുങ്ങി ഇരിക്കുന്നുണ്ടെങ്കിലോ. ഇല്ല...ആരുമില്ല...

അയാൾ ഓർമകളിൽനിന്നുണർന്നു. എല്ലാവരും പോയിരിക്കുന്നു. ദേവാലയത്തിൽ ആളുകൾ കുറഞ്ഞുവന്നു. അയാൾ എഴുന്നേറ്റു, കൂടെ നായയും. അവർ നടന്നു, പതിവ് വഴികളിലൂടെ. അപ്പോഴും അവർ മൗനത്തിലായിരുന്നു. രണ്ടാളും പിരിയുന്ന നേരം അയാളൊന്നു നോക്കി, നായയും. ●



ചിത്രീകരണം: എം. കുഞ്ഞാപ്പ

## കത്തുകൾ

### വേറിട്ട വ്യക്തിത്വം

ഇൻഫോസിസ് എന്ന ലോകനിലവാരത്തിലുള്ള ഒരു ഐ.ടി സ്ഥാപനത്തിൻെറ അണിയറയിൽ പ്രവർത്തിച്ചതും ഒട്ടേറെ സാമൂഹിക പ്രവർത്തനങ്ങൾ നടത്തിയതും സുധാ മൂർത്തിയിലെ നന്മയാണ്. വളർന്നുവരുന്ന യുവതലമുറക്ക് അവർ നല്ലൊരു മാതൃകയാവട്ടെ.
**ഷബീർ, കൊയിലാണ്ടി**



### സുധാമയം

സുധാ മൂർത്തിയെക്കുറിച്ചുള്ള ലേഖനം ശ്രദ്ധേയമായി. ഇൻഫോസിസിൻെറ പിറവിക്കു പിന്നിൽ സുധയെപോലുള്ള വ്യക്തികളുടെ മുദ്രകളുണ്ടെന്നത് പുതിയ അറിവാണ്.
**നിതിൻ പി.കെ, കൊടുങ്ങല്ലൂർ**

### സേവനമായി മാറിയ പോരാട്ടം

സുധാ മൂർത്തിയുടെ ത്യാഗങ്ങളുടെയും നേട്ടങ്ങളുടെയും അനുഭവങ്ങൾ സാധ്യമാക്കിയ സാമൂഹിക പരിവർത്തനത്തിൻെറ നീണ്ട പട്ടിക വായനക്കാർക്കു മുന്നിലെത്തിച്ച ലേഖകൻ എ.പി. നൗഷാദിന് അഭിനന്ദനങ്ങൾ.
**മുഹമ്മദ് കുനിങ്ങാട്, ആർ.ടി നഗർ, ബംഗളൂരു**

### പെൺമഹിമ

എല്ലാ ബി.ടെക് പെൺകുട്ടികൾക്കും മറക്കാനാവാത്ത വ്യക്തിത്വത്തിന് ഉടമയാണ് സുധാ മൂർത്തി. ഇവരുടെ ജീവിതകഥ എന്നെ പുതിയ ദിശയിലേക്കു നയിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
**ഷാനിയ സലാം, കരുനാഗപ്പള്ളി**

സേവനം പോരാട്ടം സുധാമയം മികച്ച വായനാനുഭവം സമ്മാനിച്ചു. ആത്മവിശ്വാസവും നിരന്തരമായ കഠിനാധ്വാനവുംകൊണ്ട് ജീവിതവിജയം നേടിയെടുക്കാമെന്നും പെണ്ണായി പിറന്നതുകൊണ്ട് ഒരവസരവും നഷ്ടമാകുന്നില്ലെന്നും സുധാ മൂർത്തിയുടെ ജീവിതകഥ പറയുന്നു. പെൺമക്ക് ഒരു വിജയഗാഥകൂടി. നല്ല രചനക്ക് ലേഖകൻ എ.പി. നൗഷാദിന് അഭിനന്ദനങ്ങൾ.
**മുഹ്സിന മുജീബ്, കല്ലമ്പലം**

### ഇവരെ നാം മറന്നുവോ?

മച്ചാട്ട് വാസന്തി, രാജൻ പാടൂർ, വത്സൻ ഡിക്രൂസ് എന്നീ മൂന്ന് കലാകാരന്മാരുടെയും സാന്നിധ്യം ഇപ്പോൾ കലയുടെ ലോകത്തില്ല. ഇവരെ കലയുടെ ലോകം തിരിച്ചറിയേണ്ടിയിരിക്കുന്നു.
**അജ്നാസ് അജ്നു, എടക്കര**

### അലച്ചിൽ

രാജേഷ് നന്ദിയംകോടിൻെറ 'അലച്ചിൽ' എന്ന കവിത ഉരുക്കിച്ചേർത്തുണ്ടാക്കിയ ഭാവഭംഗികളാൽ ശ്രദ്ധേയമായി. ഹൈക്കു കവിതകളോട് താരതമ്യപ്പെടുത്താവുന്നതാണ് ഒഴുക്കും സുപരിചിതത്വവുമുള്ള ഭാഷ.
**വി.കെ.എം. കുട്ടി, ഈസ്റ്റ് മലയമ്മ**

### ഓർമയിലൊരു ഏഡ് മാഷ്

ഖാദർ പട്ടേപ്പാടത്തിൻെറ ഓർമയിലൊരു ഏഡ് മാഷ് എന്ന അനുഭവം ഏറെ ഇഷ്ടപ്പെട്ടു. ഹെഡ് മാഷിൻെറ എടാ എന്ന വിളിയും അടി കിട്ടാനായി ഓടിവരുന്ന കുട്ടികളും നേർക്കാഴ്ചതന്നെ. അടികിട്ടുമ്പോൾ പുഞ്ചിരിയുമായി സ്വീകരിക്കുന്ന കുട്ടിയെ ചിത്രീകരിച്ച കെ. സുധീഷിൻെറ ചിത്രീകരണവും ഭംഗിയായി.
**മൊയ്തുക്കുട്ടി, വിളയത്തൂർ**

ഖാദർ പട്ടേപ്പാടത്തിൻെറ ഓർമയിലൊരു ഏഡ് മാഷ് എന്ന അനുഭവക്കുറിപ്പ് വളരെ ഹൃദയസ്പർശിയായി.
**മുഹമ്മദ് ഹാഷിർ, മലപ്പുറം**

ഓർമയിലൊരു ഏഡ് മാഷ് എന്ന അനുഭവം ഏറെ വ്യത്യസ്തമായിരുന്നു, ഒപ്പം രസകരവും. പഴയ തലമുറക്ക് ഇങ്ങനെ ഓർത്തെടുക്കാൻ ഒരുപാട് നല്ല അനുഭവങ്ങളുണ്ടാകും. എന്നാൽ, ഞാനടക്കമുള്ള ന്യൂജനറേഷനിൽനിന്ന് അതെല്ലാം അന്യംനിന്നുപോവുകയാണ്. കുറച്ചു നേരത്തേക്കെങ്കിലും പഴയ ഓർമകളിലേക്ക് മടങ്ങിപ്പോകാനായി.
**ജാഫർ എം.കെ, കൊണ്ടോട്ടി**



അധ്യാപക-വിദ്യാർഥി സൗഹൃദം ഇല്ലാത്ത ഈ കാലത്ത് അതിൻെറ നന്മ വിളിച്ചോതിക്കൊണ്ടുള്ള അനുഭവക്കുറിപ്പായിരുന്നു ഖാദർ പട്ടേപ്പാടത്തിൻെറ ഓർമയിലൊരു ഏഡ് മാഷ്. എൻെറ പഴയകാല വിദ്യാർഥിജീവിതവും അധ്യാപകരെയും ഓർമ വന്നു.
**ഹാജറ ഹമീദ്, കൂളിവയൽ, വയനാട്**

ഖാദർ പട്ടേപ്പാടത്തിൻെറ ഓർമയിലൊരു ഏഡ് മാഷ് അധ്യാപകനായ എൻെറ മനസ്സിനെ വല്ലാതെ സ്പർശിച്ചു.
**മൻസൂറലി കേവി, തളിപ്പറമ്പ്**

### കമല സുറയ്യ ചെറുകഥ പുരസ്കാരം

കമല സുറയ്യയുടെ സ്മരണാർഥം ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, നിംസ് മെഡിസിറ്റി എന്നിവയുടെ സഹകരണത്തോടെ നവാഗത എഴുത്തുകാരികൾക്കായി കേരള കലാകേന്ദ്രം കമല സുറയ്യ കൾചറൽ സെൻറർ ഏർപ്പെടുത്തിയ ആറാമത് നിംസ്-കേരള കലാകേന്ദ്രം കമല സുറയ്യ ചെറുകഥ പുരസ്കാരത്തിന് രചനകൾ ക്ഷണിച്ചു. 2014 ജനുവരി ഒന്നിനുശേഷം ആദ്യമായി പുസ്തകമായോ ആനുകാലികങ്ങളിലോ പ്രസിദ്ധീകരിച്ച കഥയാണ് മത്സരത്തിന് പരിഗണിക്കുക. ലഭിക്കുന്ന രചനകൾ പ്രഗല്ഭരുടെ പുരസ്കാര നിർണയസമിതി പരിശോധിച്ച് യോഗ്യരായ അഞ്ചുപേരുടെ പ്രാഥമിക പട്ടിക തയാറാക്കും. ഒന്നാം സ്ഥാനം ലഭിക്കുന്ന കഥാകാരിക്ക് 10,000 രൂപയും ഫലകവും സർട്ടിഫിക്കറ്റും അടങ്ങുന്ന പുരസ്കാരം നൽകും. യോഗ്യത ലിസ്റ്റിൽപ്പെട്ട നാലു പേർക്കും ഫലകവും സർട്ടിഫിക്കറ്റും ലഭിക്കും. രചനകളുടെ നാലു കോപ്പികൾ ഫെബ്രുവരി 28നകം ലഭിക്കത്തക്കവിധം കെ. ആനന്ദകുമാർ, ജനറൽ സെക്രട്ടറി, കേരള കലാകേന്ദ്രം, വഞ്ചിയൂർ, തിരുവനന്തപുരം- 695 035 എന്ന വിലാസത്തിലാണ് അയക്കേണ്ടത്. ഫോൺ: 98950 70030, 83019 90030.

### കോളജ് വിദ്യാർഥികൾക്ക് സാഹിത്യ മത്സരം

എ.കെ.ജി.സി.ടിയുടെ (അസോസിയേഷൻ ഓഫ് കേരള ഗവൺമെൻറ് കോളജ് ടീച്ചേഴ്സ്) 58ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സംഘടനയുടെ മുഖപത്രമായ സംഘശബ്ദം ഏർപ്പെടുത്തുന്ന പുരസ്കാരത്തിനായി കോളജ് (പ്രഫഷനൽ കോളജ് ഉൾപ്പെടെ) വിദ്യാർഥികളിൽനിന്ന് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത എന്നീ വിഭാഗങ്ങളിലാണ് മത്സരം. ഒന്നാം സമ്മാനം: 5000 രൂപയും പ്രശസ്തിപത്രവും ഫലകവും. രണ്ടാംസമ്മാനം: 3000 രൂപയും പ്രശസ്തിപത്രവും ഫലകവും. മൂന്നാം സമ്മാനം: 2000 രൂപയും പ്രശസ്തിപത്രവും ഫലകവും. മലയാളത്തിലുള്ള മൗലികരചനകൾ കോളജ് പ്രിൻസിപ്പലിൻെറ സാക്ഷ്യപത്രത്തോടൊപ്പം ഡോ. എം.എ. അസ്കർ, എഡിറ്റർ, സംഘശബ്ദം, എ.കെ.ജി.സി.ടി ഭവൻ, പനവിള ജങ്ഷൻ, തൈക്കാട്, തിരുവനന്തപുരം-14. ഫോൺ: 9496456851. ഇ-മെയിൽ: sanghasabdam@gmail.com എന്ന വിലാസത്തിൽ അയക്കണം. അവസാന തീയതി ഫെബ്രുവരി 28.

### മൂടാടി ദാമോദരൻ സ്മാരക അവാർഡ്

വടകര സാഹിത്യവേദി നൽകുന്ന മൂടാടി ദാമോദരൻ സ്മാരക പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിച്ചു. 10,000 രൂപയും ശിൽപവുമടങ്ങുന്നതാണ് അവാർഡ്. 2014 മുതൽ 2017 ജനുവരി 31 വരെ പ്രസിദ്ധീകരിച്ച കവിതാഗ്രന്ഥത്തിനാണ് അവാർഡ്. പുസ്തകത്തിൻെറ നാലു കോപ്പികൾ പുറന്തോടത്ത് ഗംഗാധരൻ, നടക്കുതാഴ പോസ്റ്റ്, വടകര, കോഴിക്കോട് എന്ന വിലാസത്തിൽ ഫെബ്രുവരി 10നുമുമ്പ് അയക്കണം. മാർച്ച് അഞ്ചിന് വടകരയിൽ നടക്കുന്ന മൂടാടി അനുസ്മരണ സമ്മേളനത്തിൽ പുരസ്കാര സമർപ്പണം നടത്തും. ഫോൺ: 0496 2525731, 9495548402.

### വാട്സ്ആപ് വഴി കത്തുകൾ അയക്കാം

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ-മെയിലിലൂടെയും അയക്കാം.

whatsapp: 9645006105, e-mail: varadyam@madhyamam.in

തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം. വെള്ളിമാടുകുന്ന്. പി.ഒ. കോഴിക്കോട്-12

കവിത



# സെൽഫി

സുബീഷ് തെക്കൂട്ട്

ആളില്ലാ വീട്ടിൽ
നിഷ്കളങ്കരുടെ നൃത്തമല്ല,
അശുഭ ചിന്തകളുടെ ആഭിചാരം.
നീ, നീയെന്നു വിളിച്ച്
കതകുകൾ
ചോദ്യം ചെയ്യും.
പാതി വായിച്ച്
മേശപ്പുറത്ത്
മടക്കിവെച്ച പുസ്തകം
കട്ടിലിൽ വന്നിരുന്ന്
കവിളത്ത് ഒരടി തന്ന്
വാക്കിനെ പോലും വഞ്ചിച്ചവനേ
എന്ന്
മുഖം കൂർപ്പിക്കും.
മൂലയിൽ കൂട്ടിയിട്ട
മുഷിഞ്ഞ വസ്ത്രങ്ങൾ
വെറുപ്പോടെ
മുഖം തിരിക്കും.
നന്ദിയില്ലാത്തോനേ
എന്ന് നീട്ടി വിളിക്കും
നാറ്റം വിടാത്ത സോക്സുകൾ.
പരസ്യത്തിലേതു പോൽ
പല്ലിളിക്കും
ടോയ്‌ലെറ്റിലെ കീടാണുക്കൾ.
സമുദ്രത്തോട് ചേരാത്തതിനാൽ
ബക്കറ്റിലെ ജലം
ഒട്ടും തിരയിളക്കമില്ലാതെ
നിശ്ചലം,
ശൂന്യമീ ലോകം
എന്ന് പരിതപിക്കും.
ഉണ്ട ചോറിന് നന്ദിയില്ലാത്തോനെന്ന്
അടുപ്പിലെ കഞ്ഞിക്കലം
സ്വരം കടുപ്പിക്കും.
ഒടുവിൽ,
വിറകടുപ്പിലെ
തീ
ഓടിയെത്തി
കഴുത്തിന് കുത്തിപ്പിടിച്ച്
കൂടെ നിർത്തിയൊരു
സെൽഫി.
അതോടെ
തീരും
ആഭിചാരം,
ആത്മ വിചാരണ.
അനന്തരം
ഉടൽ പൊള്ളി മരണം.

കഥ

# ചൂട്ട്

**മുന്തിയ ഫോണാണ്. എന്നാൽ, വെളിച്ചവും അനക്കവുമില്ല. ബാറ്ററിയുടെ ചാർജ് തീർന്ന് ചരമമടഞ്ഞിരിക്കുന്നു. അടുത്തിരുന്നയാളുടെ ഫോൺ വാങ്ങി വിളിക്കാൻ നോക്കുമ്പോൾ വീട്ടിലുള്ള ആരുടെയും നമ്പർ ഓർമവന്നതുമില്ല. പെട്ടു. അർധരാത്രിയാണ് സമയം**

നജീം കൊച്ചുകലുങ്ക്

ഒരു നീണ്ട യാത്രകഴിഞ്ഞുള്ള വരവാണ്. അവസാന ബസിൽ. നാട്ടിലെ സ്റ്റോപ്പിലിറങ്ങിയപ്പോഴാണ് ഇരുട്ടിൻെറ കടലിലേക്കാണ് കാലെടുത്ത് വെച്ചതെന്ന് മനസ്സിലായത്. കുറ്റാകൂരിരുട്ട്. ആകെയുള്ള അൽപം വെളിച്ചവുമായി ആ ബസും പോയി. വഴിവിളക്കൊന്നും കത്തിയിട്ടില്ല. അതോ വിളക്കുകൾ തന്നെയില്ലേ? കാറിലാണ് യാത്രയെന്നതിനാൽ അതൊന്നും ശ്രദ്ധിക്കാറില്ല. നാട്ടിലെ നാലും കൂടിയ കവലയിൽ ബസിറങ്ങിയാലും വീട്ടിലേക്ക് അരക്കിലോമീറ്റർ നടക്കണം. യാത്ര കാറിലായതിനാൽ ആ ദൂരവും അറിയാറില്ല. ഗൾഫിൽ പോകുന്നതിന് മുമ്പ് കാറൊന്നുമുണ്ടായിരുന്നില്ല. കാറല്ല, വീട്ടിലേക്കുള്ള ആ റോഡ് തന്നെയുണ്ടായിരുന്നില്ല.

അന്ന് വയൽവരമ്പായിരുന്നു. പിന്നെയാണ് വയൽ നികത്തി മണ്ണുറോഡ് വന്നത്. ഗ്രാമപഞ്ചായത്ത് ഇപ്പോൾ ടാറിട്ട് ഹൈവേയാക്കി. എന്നാലും ബസോട്ടമൊന്നുമില്ല. ആ വഴി ചെന്നുതീരുന്നിടം വരെയുള്ള വീടുകളിൽ മിക്കതിലും വണ്ടികളുണ്ട്. ഇരുചക്രവും നാല് ചക്രവുമൊക്കെയായി. ഇനി അതില്ലെങ്കിൽ ഗ്രാമ കവലയിൽ കിടക്കുന്ന മുച്ചക്രങ്ങൾ ഇതിലേ വാടകക്കോടും. അതുകൊണ്ട് ആരും കവലയിലേക്കുള്ള ഈ വഴിയുടെ ദൂരം അളക്കാറേയില്ല. പക്ഷേ, ഇപ്പോൾ ഞാൻ കുടുങ്ങിനിൽപാണ്. വീട്ടിൽ കാറും അച്ഛൻെറ ആക്ടിവയും അനുജൻെറ പൾസറുമുണ്ട്. ഗൾഫിൽനിന്ന് അവധിക്ക് വന്നാൽ സഞ്ചാരം കാറിലാണ്. തിരിച്ചുപോകാൻ വിസയുള്ളത് കൊണ്ട് ഡീസലിന് വില കൂടുന്നതൊന്നും ശ്രദ്ധിക്കാറേയില്ല.

കാറെടുത്തിറങ്ങാനൊരുങ്ങിയതാണ്. അപ്പോഴാണ് അച്ഛൻ പറഞ്ഞത്, കേരളത്തിൻെറ അങ്ങേയറ്റത്തേക്ക് പോകുന്നതല്ലേ? എത്ര ദൂരമുണ്ടെന്ന് വെച്ചാ. ഒറ്റക്ക് കാറൊന്നുമെടുത്ത് പോകണ്ട. പണച്ചെലവും കൂടും. ട്രെയിനോ ബസോ നോക്കിയാൽ മതീന്ന്. അച്ഛൻെറ വാക്ക് ധിക്കരിക്കാൻ തോന്നിയില്ല. രണ്ട് ദിവസത്തെ യാത്ര കഴിഞ്ഞ് മടക്കയാത്രയിൽ റെയിൽവേ സ്റ്റേഷൻെറ മുന്നിലുള്ള കെ.എസ്.ആർ.ടി.സി സ്റ്റാൻഡിൽനിന്നാണ് ഈ റൂട്ടിലേക്കുള്ള അവസാന ബസ് കിട്ടിയത്. ബസിൽ ഇരിക്കുമ്പോഴാണ് കവലയിൽ ഇറങ്ങിയാൽ വീട്ടിലേക്ക് എങ്ങനെ പോകും എന്ന ചിന്ത വന്നത്. വണ്ടികളിൽ ഏതെങ്കിലും ഒന്നെടുത്ത് കവലയിൽവന്ന് നിൽക്കാൻ അനുജനെ വിളിച്ചുപറയാനാണ് പാൻറ്സിൻെറ പോക്കറ്റിൽ നിന്ന് ഫോണെടുത്തത്.

മുന്തിയ ഫോണാണ്. എന്നാൽ, വെളിച്ചവും അനക്കവുമില്ല. ബാറ്ററിയുടെ ചാർജ് തീർന്ന് ചരമമടഞ്ഞിരിക്കുന്നു. അടുത്തിരുന്നയാളുടെ ഫോൺ വാങ്ങി വിളിക്കാൻ നോക്കുമ്പോൾ വീട്ടിലുള്ള ആരുടെയും നമ്പർ ഓർമ വന്നതുമില്ല. പെട്ടു. അർധരാത്രിയാണ് സമയം. ബസ് നിർത്തിയ സ്ഥിതിക്ക് ഇരുട്ടിലേക്ക് ഇറങ്ങുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ.

റോഡ് തിരിയുന്നിടംവരെ തപ്പിപ്പിടിച്ചെത്തി. പിന്നെ മുന്നോട്ടുപോകാനാകുന്നില്ല. ഇതുപോലെ കട്ടകുത്തിയൊരു ഇരുട്ട് ഇതിനുമുമ്പ് കണ്ടിട്ടില്ല. വല്ലാത്തൊരു പേടിയും തോന്നി. മുന്നോട്ടു പോകാൻ വയ്യ. വഴി തന്നെ കാണാനില്ല. പട്ടിയോ പാമ്പോ കള്ളനോ വഴിയിൽ പതുങ്ങി നിന്നാലോ. അതാലോചിച്ചപ്പോൾ ഉള്ളുകിടുങ്ങി. എത്രനേരമെന്നറിയില്ല. ആ നിൽപങ്ങനെ നിന്നത്. എപ്പോഴോ ഒരു വെളിച്ചം വന്നു. അതൊരു ചൂട്ട് വെളിച്ചമായിരുന്നു. കവലയിൽനിന്ന് വന്ന് ഈ വഴിയിലേക്ക് തിരിഞ്ഞ അത് ചോദിച്ചു. "ആരാ?"




ചിത്രീകരണം: കെ. സുധീഷ്

എന്തെങ്കിലും പറയും മുമ്പ് ഒരാഞ്ഞുവീശലിൽ സ്വയം ആളിക്കത്തി മുഖത്തിന് നേരെ സൂക്ഷിച്ചുനോക്കി സ്വയം ഉത്തരവും കണ്ടെത്തി: "ആങ്ഹ, ശങ്കരൻ നായരുടെ മോനോ?

വെളിച്ചത്തിൻെറ ചൂട് മുഖത്തടിച്ചപ്പോൾ ഒരാശ്വാസമാണ് തോന്നിയത്. ആളെ തിരിച്ചറിഞ്ഞപ്പോൾ അതിലേറെ സന്തോഷവും. അത് ഖാദറിക്കയായിരുന്നു. അയൽവാസി. വന്നിട്ട് ഒരു മാസമായെങ്കിലും തമ്മിൽ കാണാൻ പറ്റിയിരുന്നില്ല. കാറിൽ നിന്നിറങ്ങാത്ത താനെങ്ങനെ കാണാനാണെന്ന് ആലോചിച്ചപ്പോൾ കുറ്റബോധമുണ്ടായി. യാത്രയെയും ഫോൺ ഓഫായതിനെയും കുറിച്ച് പറഞ്ഞപ്പോൾ ഖാദറിക്ക പറഞ്ഞു: "എങ്കിൽ വാ, നമുക്ക് ഒരുമിച്ചങ്ങ് നടക്കാം. ഈ ചൂട്ട് വെളിച്ചം ധാരാളം."

"അല്ല ഖാദറിക്ക, ഈ ചൂട്ടൊക്കെ ഇപ്പോഴുമുണ്ടോ?" ചൂട്ട് ഒന്നുകൂടി ആഞ്ഞുവീശി അദ്ദേഹം പറഞ്ഞു: "പിന്നില്ലാതെ, മിക്ക ദിവസവും എൻെറ വെളിച്ചം ഇതാണ്. റഊസ് മോൻ കൊണ്ട് തന്ന ടോർച്ച് വീട്ടിലുണ്ട്. ഞാനെടുക്കാൻ മറക്കും. അല്ലേ, നോക്കുമ്പോ അതിൽ ചാർജുണ്ടാവൂലാ. ഇതാവുമ്പോ വെട്ടോമുണ്ട്, രാത്രിയിലെ തണുപ്പിനെയും പേടിയെയും ആട്ടുകയും ചെയ്യാം. ഇരുവരുടെയും വീടുകളിലേക്കുള്ള വഴി പിരിയുന്നിടത്തെത്തിയപ്പോൾ ഖാദറിക്ക ചൂട്ട് പാതി വീതിച്ച് നീട്ടി. അത് വാങ്ങി ഒന്നാഞ്ഞുവീശി നടക്കുമ്പോൾ വെളിച്ചത്തിന് എന്തൊരു വെളിച്ചം എന്ന് മനസ്സ് പറഞ്ഞുകൊണ്ടിരുന്നു. •

പുസ്തകം



### തേൻ

**സക്കറിയ**
**പേജ്: 126 വില: 110.00**
**ഡി.സി ബുക്സ്**

സക്കറിയയുടെ ഏറ്റവും പുതിയ കഥകളുടെ സമാഹാരം. തേൻ, സിനിമാക്കമ്പം, കുഞ്ഞുദിവസം, മദ്യശാല, അൽഫോൻസാമ്മയുടെ മരണവും ശവസംസ്കാരവും, പണിമുടക്ക് തുടങ്ങി 11 കഥകൾ.



### അക്കർമാശി

**ശരൺകുമാർ ലിംബാളെ**
**വിവ. കാളിയത്ത് ദാമോദരൻ**
**പേജ്: 175 വില: 135.00**
**മാതൃഭൂമി ബുക്സ്**


ഇന്ത്യയിലെ ദലിത് സാഹിത്യകാരന്മാരിൽ പ്രമുഖനും കവിയും സാഹിത്യനിരൂപകനുമായ ശരൺകുമാർ ലിംബാളെയുടെ അസാധാരണമായ ആത്മകഥയുടെ രണ്ടാം പതിപ്പ്. ദലിത് ജീവിതത്തിൻെറ തുറന്നകാഴ്ചകൾ.



### മധുസൂദനൻ നായരുടെ കവിതകൾ

**വി. മധുസൂദനൻ നായർ**
**പേജ്: 344 വില: 275.00**
**ഡി.സി ബുക്സ്**


നാറാണത്തു ഭ്രാന്തൻ, മേഘങ്ങളെ കീഴടക്കുവിൻ, ഭാരതീയം, ഗാന്ധർവം, ഗാന്ധി അടക്കമുള്ള മികച്ച കവിതകളുടെ സമാഹാരം. ഒ.എൻ.വി, ഡോ. പി. വേണുഗോപാലൻ എന്നിവരുടെ അവതാരികകളും അയ്യപ്പപ്പണിക്കരുടെയും ഡോ. പി.കെ. രാജശേഖരൻെറയും പഠനങ്ങളും.



### ചരിത്രത്തിനൊപ്പം നടന്ന ഒരാൾ

**അനിൽകുമാർ എ.വി**
**പേജ്: 224 വില: 200.00**
**ലിപി പബ്ലിക്കേഷൻസ്**

കമ്യൂണിസ്റ്റ് ആചാര്യനും കേരളത്തിൻെറ ആദ്യ മുഖ്യമന്ത്രിയുമായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിൻെറ ജീവചരിത്രത്തിൻെറ 10ാം പതിപ്പ്. വി.സി. ശ്രീജൻെറ പഠനവും ബിഷപ് പൗലോസ് മാർ പൗലോസിൻെറ ഓർമക്കുറിപ്പും അനുബന്ധം.



### പോസ്റ്റ് കൊളോണിയൽ സാഹിത്യം-ഒരാമുഖം

**ഡോ. എസ്. ഗിരീഷ് കുമാർ**
**പേജ്: 111 വില: 100.00**
**ചിന്ത പബ്ലിഷേഴ്സ്**

പോസ്റ്റ് കൊളോണിയൽ സാഹിത്യത്തിൻെറ സാമൂഹികവും ചരിത്രപരവുമായ ഇടങ്ങളിലേക്ക് സസൂക്ഷ്മം കടന്നുചെല്ലുന്ന കൃതി.



### ശിശിരയാത്രകൾ

**മധു ഇറവങ്കര**
**പേജ്: 176 വില: 150.00**
**പൂർണ പബ്ലിക്കേഷൻസ്**


ഒരു ശിശിരകാലത്ത്, മേപ്പിൾ മരങ്ങൾ ഇലപൊഴിക്കും ദിവസങ്ങളിൽ അമേരിക്കയിലൂടെയും തെക്കൻ കൊറിയയിലെ കടലോര നഗരങ്ങളിലൂടെയും അറേബ്യൻ കഥകളുടെ നാട്ടിലൂടെയും നടത്തിയ യാത്രകൾ.



### എൻെറ ജീവിതകഥ

**എം.സി. മേരികോം**
**പരിഭാഷ: മുഹമ്മദ് ദാവൂദ്**
**പേജ്: 175 വില: 150.00**
**റെഡ്റോസ് പബ്ലിഷിങ് ഹൗസ്**

ബോക്സിങ് റിങ്ങിലെ ഇതിഹാസവും അഞ്ചുതവണ ലോകചാമ്പ്യനും ഒളിമ്പിക്സ് മെഡൽ ജേതാവുമായ എം.സി. മേരികോമിൻെറ ആത്മകഥ.



### സുനാമി

**ബഷീർ മൂളിവയൽ**
**പേജ്: 72 വില: 80.00**
**കൈരളി ബുക്സ്**

ലളിതവും തീക്ഷ്ണവുമായ അമ്പതിലേറെ കുഞ്ഞുകഥകളുടെ സമാഹാരം. കുഞ്ഞുകഥകളിലൂടെ വലിയ ലോകത്തിൻെറ കാണാക്കാഴ്ചകളിലേക്ക് കഥാകൃത്ത് വായനക്കാരനെ കൂട്ടിക്കൊണ്ടുപോകുന്നു.

വായന

# കനലുകൾ പൂക്കുമ്പോൾ

അൻവർ ഹുസൈൻ എച്ച്.

പെണ്ണെഴുത്ത് എന്നത് പെണ്ണ് എഴുതുന്ന എഴുത്ത് എന്ന അർഥത്തിൽ പ്രയോഗിക്കുന്നത് നന്നല്ല എന്നുതന്നെയാണ് അഭിപ്രായം. പെണ്ണിനുവേണ്ടി പെണ്ണോ ആണോ എഴുതുന്ന എഴുത്തിനെ ഇങ്ങനെ വിവക്ഷിച്ചാൽ അത് ഒരുതരം മാന്യമായ പെണ്ണെഴുത്താണ്. കാരണം, ഇന്നും പെണ്ണ് അടിച്ചമർത്തപ്പെടുന്നവൾ തന്നെയാണ്. സ്വത്വബോധം കൂടിയിട്ടുണ്ടെങ്കിലും പെണ്ണിന് പെണ്ണത്തം ഓരോ അർഥത്തിലുമുണ്ട്. പരിമിതികളുമുണ്ട്. ഇന്നും അവൾ 'പലരുടെ കഞ്ഞിക്കായി മടച്ചു വീഴുന്നവൾ!'... 'ന സ്ത്രീ ഇരുപത്തൊന്നാം നൂറ്റാണ്ടിലും സ്വാതന്ത്ര്യമർഹതി...' രവിവർമ തമ്പുരാനെപ്പോലെ ചിലർ 'ഒമ്പതു പെൺകഥകൾ' തന്നെ എഴുതിയിട്ടുണ്ടെങ്കിലും കെ.വി. മണികണ്ഠൻ ആണിനെക്കാൾ ശക്തരായ പെൺകഥാപാത്രങ്ങളെ സൃഷ്ടിക്കുന്നെങ്കിലും പെണ്ണിനുവേണ്ടി കൂടുതൽ ഇന്നും എഴുതുക പെണ്ണുതന്നെയാണ്. ഒരു പെണ്ണിനെ മനസ്സിലാക്കാൻ പെണ്ണുതന്നെ വേണം എന്ന ന്യായത്തെ ഇവയൊക്കെ ഊട്ടിയുറപ്പിക്കുന്നു.



**കനലെഴുത്ത്**
**ഷീബ ഇ.കെ.**
**പേജ്: 158,വില: 140.00**
**ഡി.സി ബുക്സ്**

പുസ്തകത്തിലെ ഇരുപത്തിരണ്ടു കഥകളിൽ ഇരുപതും സ്ത്രീയുമായി ബന്ധപ്പെട്ട കഥകളാണ്. എല്ലാം സ്ത്രീപക്ഷമെന്നോ സ്ത്രീ കേന്ദ്രീകൃതം എന്നോ ഇതിനർഥമില്ല. വൈദ്യശാസ്ത്രത്തിൻെറ വാണിജ്യവത്കരണം പ്രതിപാദിക്കുന്ന 'സർജൻ', മനുഷ്യ കശാപ്പുമനസ്സിൻെറ കഥപറയുന്ന 'കശാപ്പ്' എന്നീ കഥകളൊഴികെ മറ്റെല്ലാറ്റിലും സ്ത്രീ ശക്തയായ കഥാപാത്രമാണ്. 'കനലെഴുത്തി'ലെ മാലിനി നാരായണനും 'ഗ്രീഷ്മശാഖികളി'ലെ റാഹേലും എഴുത്തുകാരികളാണ്. അടുക്കളയുടെ പുകക്കുഴൽ ഊതുമ്പോഴാണ് മാലിനിയിൽ കഥ വിടരുന്നത്. റാഹേൽ ആവട്ടെ പരിഷ്കൃത (?) എഴുത്തുകാരികൾക്കിടയിൽ അമ്പരന്നു നിൽക്കുന്ന എഴുത്തുകാരിയാണ്.

കഥാകാരി തുടക്കത്തിൽ പറയുന്ന ഹൃദയഹാരിയായൊരു ആമുഖത്തോട് ഈ കഥകൾ ചേർത്തുവെക്കാവുന്നതാണ്. ചുമരുകൾക്കിടയിൽ വല്ലാതെ വിങ്ങുമ്പോഴാണ് ഈ കഥാകാരികൾ അക്ഷരങ്ങളെ പ്രസവിക്കുന്നത്. അതുകൊണ്ട് സൃഷ്ടികൾ 'മനുഷ്യ കഥാനുഗായികൾ' ആയി മാറുന്നു. സ്ത്രീയെ ഉൽപന്നമായി കാണുന്ന സമൂഹം ഇന്നുമുണ്ട്. ഇത്രയേറെ പരസ്യങ്ങളിൽ അൽപവസ്ത്രധാരിയായി സ്ത്രീ ഇന്നും പ്രത്യക്ഷപ്പെടുന്നത് അതുകൊണ്ടാണ്. പീഡനങ്ങൾ കൂടുന്നത് സ്ത്രീയുടെ വേഷംകൊണ്ടാണ് എന്ന് പ്രചരിപ്പിക്കുന്ന പുരുഷകേന്ദ്രീകൃത സമൂഹത്തിലാണ് നാമുള്ളത്. 'ഗോഡ്സ് ഓൺ കൺട്രി' എന്ന കഥയിൽ സ്ത്രീയെ ഇത്തരത്തിൽ കാണുന്ന ഒരു സമൂഹത്തെ ഷീബ വരച്ചുകാട്ടുന്നു. 'കാളിയമർദന'ത്തിൽ കല്യാണിയുടെ സമ്മർദം മറ്റൊരു തരത്തിലാണ്. ഇത്തരം സ്ത്രീ അനുഭവങ്ങളെക്കുറിച്ച് ആശാപൂർണാദേവിയൊക്കെ ജീവിതം മുഴുവൻ എഴുതിക്കൊണ്ടിരുന്നു. ഒട്ടൊരു മാറ്റമില്ലാതെ ഇന്നും തുടരുന്നു.

'ഇവൻറ് മാനേജ്മെൻറ്' എന്ന കഥയിൽ സ്ത്രീ വൃദ്ധമാതാവാണ്. അവരെയും ഒരു 'ആൻറിക് പീസ്' ആക്കി മാറ്റുന്ന കാലത്താണ് നാം ജീവിക്കുന്നത്. കഥപറയുന്ന ശൈലി ഇതിൽ കുറെ കൂടി മെച്ചമാക്കാമായിരുന്നു എന്നുതോന്നി. 'ഒരു പോസിറ്റീവ് പ്രണയകഥ' ന്യൂജനറേഷൻ കാലത്ത് ഒരു പുതുമയല്ലതന്നെ. ഇതിലെ ഏറ്റവും ശ്രദ്ധേയമായ കഥ തന്നെയാണ് 'കീഴാളൻ'. തേച്ചാലും കുളിച്ചാലും മായ്ക്കാനാവാത്തവിധം ജാതീയത നമ്മെ ചുറ്റിപ്പിണഞ്ഞിരിക്കുന്നു.

'കായംകുളം' എന്ന കഥയിൽ പറ്റിക്കുന്നതും പറ്റിക്കപ്പെടുന്നതും സ്ത്രീയാണ്. 'ആവതുമവളാലെ ഉലഹം അഴിവതുമവളാലെ' എന്ന തമിഴ് ശകലം ഓർമവരുന്നു. 'ഉറവ'യിലും സുന്ദരിയും വിധവയുമായ സ്ത്രീയെ ബിംബകൽപന നൽകുന്ന ചാതുരിയോടെ അവതരിപ്പിക്കുന്നു. 'മൈത്രേയിയുടെ അച്ഛൻ' പോലെ ശൈശവരതിയുടെ കഥകൾ പലരും എഴുതിയിട്ടുണ്ട്. മനുഷ്യൻ ഇത്രക്കു നീചനാകുമോ എന്ന് പത്രവാർത്തകൾ കേൾക്കുമ്പോഴും ഇത്തരം കഥകൾ വായിക്കുമ്പോഴും ചോദിച്ചുപോവാറുണ്ട്.

'മൺഡേ മാർക്കറ്റ്' സ്ത്രീയുടെ മനസ്സിലെ കാരുണ്യമാണ് എടുത്തുകാട്ടുന്നത്. 'അതിജീവന'ത്തിൽ വീരയുവതിയെ വരച്ചുകാട്ടുന്നു. ഇത് താൻ പുതുകാല യുവതി എന്നു പറയുകയും ചെയ്യുന്നു. പിഴച്ചകാലത്ത് ഇങ്ങനെയൊക്കെ വേണ്ടിവരും എന്ന് പിറുപിറുക്കാനേ നമുക്ക് കഴിയൂ. 'കള്ളൻ' കള്ളൻെറ കഥയല്ല; അത് സ്ത്രീയുടെ, കുടുംബത്തിൻെറ കഥയാണ്. 'മായാജാലക'ത്തിലെ മരിയയും സമീരയും നാം പരിചയപ്പെടേണ്ടവർ തന്നെയാണ്. 'ശ്യാമ നിരഞ്ജനശില' എന്ന് ഒരു കഥക്ക് പേരിടേണ്ടിയിരുന്നോ? ആ ലളിതമായ കഥക്ക് ഒരു ലളിതമായ പേരായിരുന്നു അഭികാമ്യം. 'അപരിചിതരി'ൽ ഫേസ്ബുക്കിൻെറ ലോകം. ഡോ. മിനി പ്രസാദ് എഴുതിയ പഠനവും സാർഥകമായി. ഷീബയുടെ കഥാലോകം 'ചിലങ്കകൾ അഴിക്കാതെ' കനലുകളായി ഇനിയും വികസിക്കട്ടെ! •

യാത്ര

# മംലൂക്ക് സാമ്രാജ്യത്തിന്റെ ഓർമകളിൽ...

**കൈറോ ആസ്ഥാനമായി അറബ് ലോകം ഭരിച്ച മംലൂക്ക് സാമ്രാജ്യം ഓർമയായിട്ട് 500 വർഷം തികയുന്ന വേളയിൽ നടത്തിയ യാത്ര. 1517 ജനുവരി 22ന് റിദാനിയ യുദ്ധത്തിൽ മംലൂക്ക് സൈന്യം തകർന്നതോടെ രണ്ടര നൂറ്റാണ്ടിലേറെ നീണ്ട മംലൂക്ക് വാഴ്ചക്ക് അന്ത്യമായി**



കൈറോയിലെ അൽഗൂറി സമുച്ചയത്തിന്റെ കവാടഭാഗം. ഇടതുവശത്തെ മതിൽക്കെട്ടിനകത്താണ് അശ്റഫ് ഖാനൂശ് അൽഗൂറിയുടെ ശവകുടീരത്തിനായി കരുതിയിരുന്നത്

മുഹമ്മദ് സുഹൈബ്

1505. മംലൂക്ക് രാജധാനിയായ കൈറോ. സുൽത്താൻ അശ്റഫ് ഖാനൂശ് അൽഗൂറിക്ക് മുന്നിൽ ഒരു മലയാളി നിൽക്കുകയാണ്. കോഴിക്കോട് സാമൂതിരിയുടെ ദൂതുമായിവന്ന ആ വർത്തക പ്രമുഖന്റെ പേര് മായിമാമ മരക്കാർ. മലബാർ തീരത്ത് വളർന്നുവരുന്ന പോർചുഗൽ സ്വാധീനത്തെ പ്രതിരോധിക്കാൻ സഹായം അഭ്യർഥിച്ചുകൊണ്ടുള്ള സാമൂതിരിയുടെ കത്താണ് മരക്കാറുടെ കൈയിൽ. ഇന്ത്യയിലേക്കുള്ള ബദൽ നാവിക മാർഗം പോർചുഗീസുകാർ കണ്ടെത്തിയ കാലമായിരുന്നു അത്.

മലബാറിലെ അറബികളുടെ കച്ചവട കുത്തക തകർത്താണ് പറങ്കികൾ ആധിപത്യം ഉറപ്പിച്ചത്. കൂടാതെ, അറബിക്കടൽ വഴിയുള്ള തീർഥാടനപാതയിലും അവർ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. സാമൂതിരിക്കൊപ്പം ഗുജറാത്തിലെയും യമനിലെയും രാജാക്കന്മാരും ഇതേ വിഷയത്തിൽ നേരത്തേ സുൽത്താൻ അൽഗൂറിയോട് സഹായം അഭ്യർഥിച്ചിരുന്നു. സുൽത്താൻ ജിദ്ദയിലെ തന്റെ ഗവർണറെ ഉടൻ വിളിച്ചുവരുത്തി. നാവികയുദ്ധത്തിൽ അഗ്രഗണ്യനാണ് ജിദ്ദ ഗവർണർ അമീർ ഹുസൈൻ അൽ കുർദി. എത്രയും പെട്ടെന്ന് മലബാർ തീരത്തേക്ക് സൈന്യത്തെ അയക്കാൻ സുൽത്താൻ ഉത്തരവിട്ടു. അതിന്റെ ചുമതല അമീർ ഹുസൈനെ ഏൽപിക്കുകയും ചെയ്തു. പക്ഷേ, കരയുദ്ധത്തിലെ പോലെ നാവികയുദ്ധത്തിൽ അത്രനിപുണരല്ല മംലൂക്കുകൾ. സൂയസിലും ജിദ്ദയിലും പടയൊരുക്കം തുടങ്ങി. മലബാർ തീരത്തെ കച്ചവടവിഷയത്തിൽ പോർചുഗലിന് എതിർഭാഗത്തുള്ള വെനീഷ്യൻ നാവികരാണ് ഒരുക്കങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. മാസങ്ങൾ നീണ്ട തയാറെടുപ്പുകൾക്കൊടുവിൽ 1507 ഫെബ്രുവരിയിൽ 12 കൂറ്റൻ പടക്കപ്പലുകളിൽ 1,500 ലേറെ ഭടന്മാരുമായി മംലൂക്ക് സൈന്യം മലബാർ തീരം ലക്ഷ്യമാക്കി ജിദ്ദയിൽനിന്ന് പുറപ്പെട്ടു. ഹുസൈൻ അൽ കുർദിക്ക് വഴികാട്ടിയായി മായിമാമ മരക്കാറും. സാമൂതിരിയുടെ സൈന്യവുമായി ചേർന്ന് പശ്ചിമ തീരത്തെ പോർചുഗീസ് താവളങ്ങൾ മുഴുവൻ ആക്രമിച്ച് നശിപ്പിക്കാനായിരുന്നു പദ്ധതി.

## കണ്ണൂരിലെ ഉപരോധം

ഈ സമയത്ത് കണ്ണൂരിൽ വൻ യുദ്ധം അരങ്ങേറുകയായിരുന്നു. കണ്ണൂരിലെ കോലത്തിരി രാജയും കോഴിക്കോട് സാമൂതിരിയും അറബികളും സംയുക്തമായി പോർചുഗീസ് താവളമായ സെന്റ് ആൻജലോ കോട്ട ഉപരോധിച്ചു. നാലുമാസം നീണ്ട ഉപരോധത്തിനൊടുവിൽ സാമൂതിരി-കോലത്തിരി സൈന്യം പരാജയപ്പെട്ടു. അധികം കഴിയും മുമ്പ് 1508 മാർച്ചിൽ അമീർ ഹുസൈന്റെ മംലൂക്ക് സൈന്യം ഇന്ത്യൻ തീരത്തെത്തി. തെക്കൻ ഗുജറാത്തിലെ ദിയുവിലാണ് അവർ വന്നിറങ്ങിയത്. മഹാരാഷ്ട്ര തീരത്തെ ചൗളിൽ വെച്ച് പോർചുഗീസ് സൈന്യവും മംലൂക്ക് സൈന്യവും ഏറ്റുമുട്ടി. ഇന്ത്യൻ തീരത്തെ ആദ്യതോൽവിയാണ് പോർചുഗീസുകാരെ അവിടെ കാത്തിരുന്നത്. പോർചുഗീസ് കമാൻഡർ ലോറൻസോ ഡി അൽമെയ്ഡ കൊല്ലപ്പെടുകയും സൈന്യം ചിതറുകയും ചെയ്തു. ഘോരയുദ്ധത്തിൽ മായിമാമ മരക്കാറും കൊല്ലപ്പെട്ടു. തൊട്ടടുത്ത വർഷം പോർചുഗീസുകാർ പകരംവീട്ടി. ദിയു യുദ്ധത്തിൽ മംലൂക്ക് സൈന്യം തകർന്നു. അതോടെ മംലൂക്ക് സംഘം ഇന്ത്യൻ തീരം വിട്ടു. പക്ഷേ, പിന്നെയും പല വർഷങ്ങൾ സുൽത്താൻ അശ്റഫ് ഖാനൂശ് അൽഗൂറിയും പോർചുഗീസുകാരും ദ്വന്ദ്വയുദ്ധം തുടർന്നു. വടക്കൻ മേഖലയിൽ സാമ്രാജ്യം സ്ഥാപിച്ച ഒട്ടോമൻ തുർക്കികൾ ഇടക്കിടെ അതിർത്തികൾ കടന്നെത്തി. മംലൂക്ക് സാമ്രാജ്യം ഉലഞ്ഞുതുടങ്ങി.

## അൽഗൂറിയിലെ കാൽപനികൻ

ഈ വെല്ലുവിളികൾക്കിടയിലും അൽ ഗൂറിയിലെ കാൽപനികൻ സദാ ഉണർന്നുതന്നെയിരുന്നു. എത്രയോ ഗംഭീര നിർമിതികൾ ആ കാലത്ത് കൈറോയിലുയർന്നു. കൈറോയിൽ ഇന്ന് നിലനിൽക്കുന്ന പല പ്രധാന മന്ദിരങ്ങളിലും അൽഗൂറിയുടെ സ്പർശമുണ്ട്. ലോകമറിയുന്ന അൽ അസ്ഹർ പള്ളിയുടെ ഏറ്റവും കൗതുകമാർന്ന മിനാരം നിർമിച്ചത് അൽഗൂറിയാണ്. മധ്യകാല അറേബ്യയിലെ പ്രമുഖ കമ്പോളങ്ങളിലൊന്നായ ഖാൻ അൽ ഖലീലിയെ ഇന്നത്തെ രീതിയിൽ നവീകരിച്ചതും അദ്ദേഹം തന്നെ.

പള്ളികൾ, മദ്റസകൾ, ചത്വരങ്ങൾ അങ്ങനെ പോകുന്നു അൽഗൂറിയുടെ സംഭാവനകൾ. പക്ഷേ, ഇതൊന്നുമല്ല അൽഗൂറിയെ അനശ്വരനാക്കുന്നത്. കൈറോയിലെ ഹഫാമിൻ ക്വാർട്ടറിൽ അൽ അസ്ഹറിന് സമീപത്തായി അദ്ദേഹം നിർമിച്ച മന്ദിരസമുച്ചയമാണ് അത്. അൽഗൂറി കോംപ്ലക്സ് എന്ന് ഇന്നറിയപ്പെടുന്ന സമുച്ചയം തച്ചുകലയിലെ ഒരു വിസ്മയമാണ്. തന്റെ അന്ത്യവിശ്രമത്തിനായി അൽഗൂറി നിർമിച്ചതാണ് ഇത്.സാമ്രാജ്യത്തിന്റെ സകലകോണുകളിൽ നിന്നും വാസ്തുവിദ്യ പ്രമാണികളെ ഇതിനായി കൈറോയിലെത്തിച്ചു. അക്കാലത്തെ ആസ്ഥാന ശിൽപി താരിഖിന്റെ നേതൃത്വത്തിലായിരുന്നു നിർമാണം.

വാസ്തുകലയുടെ ഉപാസകനായ സുൽത്താൻ തന്റെ പേര് അനശ്വരമാകണമെന്ന് കരുതിയാണ് ഈ മന്ദിരത്തിന് അടിത്തറയിട്ടത്. തന്റെ മൃതശരീരം ഇവിടെ അടക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. മുഇസ്സുദ്ദീൻ തെരുവിന്റെ ഇരുഭാഗങ്ങളിലായാണ് കെട്ടിട സമുച്ചയം ഇപ്പോൾ വ്യാപിച്ചുകിടക്കുന്നത്. പ്രധാന കവാടത്തിന്റെ ഇടതുവശത്ത് തനിക്കുറങ്ങാൻ അൽഗൂറി പണിത ശവകുടീരം. വലതുഭാഗത്ത് മദ്റസയും പള്ളിയും. 1503ൽ തുടങ്ങിയ പണി 1505ലാണ് പൂർത്തിയാക്കിയത്. അൽഗൂറിയുടെ വാസ്തുവിദ്യ വിപ്ലവം തുടരാൻ കാലം അനുവദിച്ചില്ല. എല്ലാം അവസാനിച്ചത് സിറിയയിലെ മർജ് ദബീഖിൽ വെച്ചായിരുന്നു. സിറിയൻ ഭാഗത്ത് വെല്ലുവിളിയുയർത്തിയ ഒട്ടോമൻ സൈന്യത്തെ നേരിടാൻ മുഖദ്ദം കുന്നിലെ തന്റെ കൊട്ടാരത്തിൽ നിന്ന് സൈന്യവുമായി അൽഗൂറി പുറപ്പെട്ടു. അവിടെയെത്തിയപ്പോൾ അൽഗൂറി ഇടത്തേക്കൊന്നു പാളിനോക്കി. സ്വയം നിർമിച്ച ശവകുടീരമവിടെ കാത്തുകിടക്കുന്നു.

## ചതിയിലുലഞ്ഞ വൃദ്ധഹൃദയം

1516 ആഗസ്റ്റ് 24ന് അലപ്പോക്കടുത്തുള്ള മർജ് ദബീഖിൽ ഒട്ടോമൻ സൈന്യവുമായി അൽഗൂറി ഏറ്റുമുട്ടി. ഘോരയുദ്ധത്തിനിടെ വിശ്വസ്തരായ രണ്ടു പടനായകർ കൂറുമാറി. തങ്ങളുടെ സൈന്യത്തെ അൽഗൂറിയുടെ ഇരുപാർശ്വത്തിൽ നിന്നും അവർ പിൻവലിച്ചു. അനിവാര്യമായ വിധിക്ക് മുന്നിൽ അൽഗൂറി ഏകനായി. 75 കാരനായ അൽഗൂറിയുടെ വൃദ്ധഹൃദയത്തിന് ഈ കൊടുംചതി താങ്ങാനുള്ള ശേഷിയുണ്ടായിരുന്നില്ല. ഹൃദയം നിലച്ച് അദ്ദേഹം മരിച്ചുവീണു. ഓടിയെത്തിയ ശത്രുക്കൾ അദ്ദേഹത്തിന്റെ തലയറുത്തു. ആ തലക്കൊപ്പം മംലൂക്കുകളുടെ രണ്ടേമുക്കാൽ നൂറ്റാണ്ട് നീണ്ട വാഴ്ചയും മണ്ണുതിന്നു. ഒരു സാമ്രാജ്യം കൂടി അസ്തമിച്ചു. അതോടെ ഒട്ടോമൻ ഭരണത്തിലേക്ക് അറേബ്യ വഴിമാറി. പക്ഷേ, അൽഗൂറിയുടെ ശരീരത്തിന് എന്തുസംഭവിച്ചുവെന്നത് ഇന്നും ഒരു പ്രഹേളികയായി തുടരുന്നു. സിറിയൻ വിജനതയിലെങ്ങോ ആ തലയറ്റ ശരീരം മാഞ്ഞു. ഉടമയെ കാത്തുള്ള കൈറോയിലെ ആ ശവകുടീരത്തിന്റെ കാത്തിരിപ്പ് അഞ്ചുനൂറ്റാണ്ട് പിന്നിടുന്നു.

സിറിയൻ വിജയത്തിന് ശേഷം ഒട്ടോമൻ സൈന്യം കൈറോയുടെ പടിവാതിലിൽ എത്താനെടുത്ത ഏതാനും മാസങ്ങൾ കൂടി നാമമാത്രമായി മംലൂക്ക് സാമ്രാജ്യം നിലകൊണ്ടു. 1517 ജനുവരി 22 ന് റിദാനിയ യുദ്ധത്തിൽ മംലൂക്ക് സൈന്യത്തെ തകർത്ത ഉസ്മാനി സുൽത്താൻ സലീം ഒന്നാമൻ കൈറോ പിടിച്ചെടുത്തതോടെ ഔപചാരികമായി മംലൂക്ക് ഭരണം അവസാനിച്ചു. അൽഗൂറിയുടെ മരണശേഷം മംലൂക്ക് നേതൃത്വം ഏറ്റെടുത്ത തുമാൻ ബേയെ ഉസ്മാനികൾ വധിച്ചു. ബേയുടെ മൃതദേഹം സുൽത്താൻ സലീമിന്റെ നിർദേശപ്രകാരം അൽഗൂറി സമുച്ചയത്തിന്റെ ഉമ്മറവാതിലിൽ തൂക്കിയിട്ടു. തങ്ങളെ ഏറെക്കാലം പ്രതിരോധിച്ച് നിന്ന അൽഗൂറിയോടുള്ള ഉസ്മാനികളുടെ പകയായിരുന്നു കാരണം.

## അനാഥമായ സ്വപ്നം

അന്ത്യനിദ്ര കൊള്ളുമെന്ന് അൽഗൂറി സ്വപ്നം കണ്ട ആ മഹാമന്ദിര സമുച്ചയത്തിലിപ്പോൾ വളയും മാലയും പ്ലാസ്റ്റിക് പാവകളും അടിവസ്ത്രങ്ങളും വിൽക്കപ്പെടുന്നു. അവധിദിനമായ വെള്ളിയാഴ്ച സന്ധ്യയിൽ ഇവിടം ജനനിബിഡമാകും. കൈറോയിലെ പ്രധാന കമ്പോളങ്ങളിലൊന്നാണ് ഇപ്പോൾ അൽഗൂറി സമുച്ചയം. ഇടുങ്ങിയ വഴിയോരങ്ങളിൽ കച്ചവടം പൊടിപൊടിക്കുന്നു. പഴം, പച്ചക്കറി കച്ചവടക്കാരുടെ വില വിളി.
ചെറിയ മെഗാഫോണുകളിലൂടെ ഇന്നത്തെ പ്രത്യേക ഓഫറുകൾ പുറത്തുവരുന്നു. കോലാഹലത്തിനിടയിലൂടെ സമുച്ചയത്തിന്റെ കൂറ്റൻ ആനവാതിലിന് വലതുവശത്തെ കരിങ്കൽ പടവുകൾ കയറിച്ചെല്ലുമ്പോൾ വോൾട്ടേജ് കുറഞ്ഞ ബൾബുകൾ മങ്ങിക്കത്തുന്ന അൽഗൂറി മസ്ജിദിന്റെ ഉൾത്തളം. മഗ്‌രിബിനും ഇശാ നമസ്കാരത്തിനുമിടയിലെ ഇത്തിരി നേരത്ത് ഖുർആൻ പാരായണത്തിലും പ്രാർഥനകളിലും മുഴുകിയ വൃദ്ധർ. മംലൂക്ക് വാസ്തുകലയുടെ പ്രൗഢിയിൽ അതിശയിച്ച് മച്ചിലേക്ക് നോക്കിനിൽക്കുന്ന ഒറ്റപ്പെട്ട വിദേശ സഞ്ചാരികൾ. നാലാൾ ഉയരമുള്ള ശിൽപചാരുതയാർന്ന ദാരുവാതിലിന്റെ ലോഹവളയങ്ങളിൽ പിടിച്ച് സെൽഫിക്ക് പോസ് ചെയ്യുന്ന പെൺകൂട്ടം.

അതിനെതിർവശത്ത് അൽഗൂറി സ്വപ്നം കണ്ട തന്റെ അന്ത്യവിശ്രമകേന്ദ്രം. പൊടിയിൽ മുങ്ങിയ ആ കെട്ടിടത്തിന്റെ ഒരിക്കലും തുറക്കാത്ത വാതിലുകൾക്ക് മുന്നിൽ വഴിവാണിഭക്കാരുടെ സാധനങ്ങൾ അടുക്കിവെച്ചിരിക്കുന്നു. അജ്ഞാതമായ ഏതോ ഖബറിനുള്ളിൽ അസ്വസ്ഥമായി അൽഗൂറിയുടെ ശരീരം കിടക്കുന്നുണ്ടാകാം.



അൽഗൂറി മസ്ജിദ്

ജീവിതം

# മുടിയേറ്റിന്റെ പെൺമുഖം



ബിന്ദു മുടിയേറ്റ് അവതരിപ്പിക്കുന്നു

**തെക്കൻ കേരളത്തിലെ പ്രധാന അനുഷ്ഠാന കലയായ മുടിയേറ്റിൽ സാധാരണ കാളിയുടെ വേഷമണിയുന്നത് പുരുഷന്മാരാണ്. കേരളത്തിൽ ആദ്യമായി മുടിയേറ്റിൽ കാളിക്ക് 'പെൺമുഖം' നൽകിയത് ബിന്ദുവാണ്**



ബിന്ദുവും മകൻ വിഷ്ണുവും

ലിസി പി.

വേദനയും മുറിവുകളുമായി മുന്നിലെത്തുന്നവർക്ക് ആശ്വാസത്തിന്റെ പുഞ്ചിരിയും ശുശ്രൂഷയും നൽകുന്ന വെളുത്ത കോട്ടിട്ട മാലാഖയായിരുന്നു മുൻകാലത്തെ ബിന്ദു നാരായണ മാരാർ. പക്ഷേ, കാലവും നിയോഗവും കറങ്ങിത്തിരിഞ്ഞെത്തിയപ്പോൾ രൗദ്രഭാവത്തിന്റെ മൂർത്തീരൂപമായി, കടുംചായങ്ങൾ മുഖത്തണിഞ്ഞ്, ചുവന്ന പട്ടിൽ ആടിയും ചുവടുവെച്ചും കാളി ദേവിയായി. ദാരികന്റെ ശിരച്ഛേദമാണ് ആട്ടമെങ്കിലും ബിന്ദുവിലെ കാളി കത്തിവെച്ചത് പുരുഷാധിപത്യത്തിന്റെ കടയ്ക്കലാണ്. അവിടെ ശിരസ്സറ്റുവീണത് കാളിവേഷം കെട്ടാറുള്ള 'ദാരിക'ന്മാരും. പിന്നീടങ്ങോട്ട് അരങ്ങിലും ജീവിതത്തിലും കാളി വേഷമായിരുന്നു. അപവാദ പ്രചാരണങ്ങൾ നിലനിൽപിനുള്ള ഊർജമാക്കിയ ബിന്ദു പിന്നീട് പിറവം പാഴൂർ നാരായണ മാരാർ സ്മാരക ഗുരുകുലത്തിന്റെ അമരക്കാരിയായി.

തെക്കൻ കേരളത്തിലെ പ്രധാന അനുഷ്ഠാന കലയായ മുടിയേറ്റിൽ സാധാരണ കാളിയുടെ വേഷമണിയാറ് പുരുഷന്മാരാണ്. എന്നാൽ കേരളത്തിൽ ആദ്യമായി മുടിയേറ്റിൽ കാളിക്ക് 'പെൺമുഖം' നൽകിയത് ബിന്ദുവാണ്. കഴിഞ്ഞ നവംബർ 18ന് എറണാകുളം തേവര സേക്രഡ് ഹാർട്ട് കോളജിൽ നടന്ന 'ജനറലി സ്പീക്കിങ്' എന്ന പരിപാടിയുടെ ഭാഗമായാണ് ബിന്ദു ആദ്യമായി കാളിവേഷം കെട്ടി ചരിത്രത്തിന്റെ ഭാഗമായത്.

## പോരാട്ടങ്ങളുടെ തുടക്കം

കേരളത്തിലെ അറിയപ്പെടുന്ന മുടിയേറ്റ് സംഘമായ പാഴൂർ ദാമോദരമാരാരുടെ മരുമകളും അറിയപ്പെടുന്ന വാദ്യകലാകാരനും സോപാനസംഗീതജ്ഞനുമായ പാഴൂർ നാരായണമാരാരുടെ ഭാര്യയുമായി കടന്നുവന്നതാണ് തുടക്കം. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ നഴ്സായി ജോലി ചെയ്തിരുന്ന ബിന്ദു ചെറുപ്പത്തിൽ മുടിയേറ്റ് കണ്ടതല്ലാതെ അതിനോട് കൂടുതലായൊന്നും അടുക്കുകയോ മനസ്സിലാക്കാൻ ശ്രമിക്കുകയോ ചെയ്തിരുന്നില്ല. പക്ഷേ, വേണ്ടപ്പെട്ടവരെയെല്ലാം കാലം തിരിച്ചുവിളിച്ചപ്പോൾ മരുമകളായി കയറിവന്ന കുടുംബത്തിന്റെ കലാപാരമ്പര്യം നശിക്കാതിരിക്കാൻ മുന്നിട്ടിറങ്ങേണ്ടി വന്നു. '2012ലാണ് ഭർത്താവ് അർബുദം ബാധിച്ച് മരിക്കുന്നത്. കലക്കുവേണ്ടി ജീവിതം അർപ്പിച്ച ആളായിരുന്നു അദ്ദേഹം. അദ്ദേഹത്തെ എല്ലാവരും മറന്നുതുടങ്ങിയപ്പോൾ മനസ്സിന് വിഷമം തോന്നി. ഞാൻ എന്തെങ്കിലും ചെയ്തില്ലെങ്കിൽ ഇവർ ജീവിച്ചു എന്നതിന് ഒരു തെളിവുണ്ടാകില്ല. സ്വന്തക്കാരും ബന്ധുക്കളുമെല്ലാം അദ്ദേഹത്തിന്റെ മുടിയേറ്റ് സാധനങ്ങളും മറ്റും അവകാശം പറഞ്ഞ് കൊണ്ടുപോയി. പാഴൂർ ദാമോദര മാരാർ ആൻഡ് നാരായണമാരാർ സ്മാരക ഗുരുകുലത്തിന്റെ പേര് ആരും മറക്കാതിരിക്കാൻവേണ്ടിയാണ് 2013 മുതൽ ഗുരുകുലത്തിന്റെ പേരിൽ കലാകാരന്മാർക്ക് അവാർഡ് കൊടുത്തത്. പിന്നീട് എല്ലാവർഷവും അതു തുടർന്നു. എങ്കിലും മുടിയേറ്റ് സംഘം ഇല്ലാതായിപ്പോകുന്ന വേദന ഉള്ളിൽ കിടന്നു. 2013ൽ തന്നെ മറ്റൊരു സംഘവുമായി ചേർന്ന് മുടിയേറ്റ് നടത്തിയിരുന്നു. അതിന്റെ അടുത്ത വർഷം തന്നെ കലാകാരന്മാരെ സംഘടിപ്പിച്ച് സ്വന്തമായി ട്രൂപ്പുണ്ടാക്കി- ബിന്ദു പറയുന്നു.

## നടത്തിപ്പും പരിശീലനവും

അങ്കമാലി നായത്തോടാണ് ബിന്ദുവിന്റെ സ്വന്തം വീട്. ചെറുപ്പത്തിൽ മൂന്നോ നാലോ തവണ മുടിയേറ്റ് കണ്ട പരിചയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കല്യാണം കഴിഞ്ഞെത്തിയിട്ടും മൂന്നു തവണയേ മുടിയേറ്റ് കണ്ടിട്ടുള്ളൂ. എന്നാൽ, ഒഴിവുസമയങ്ങളിൽ ഭർത്താവിന്റെ അച്ഛൻ വിളിച്ചിരുത്തി കഥകളും മുടിയേറ്റിന്റെ മറ്റു കാര്യങ്ങളെക്കുറിച്ചൊക്കെ പറയുമായിരുന്നു. കൂടാതെ, മുടിയേറ്റിന്റെ ഓരോ ചുവടുകളടക്കമുള്ളവയെപ്പറ്റി അദ്ദേഹം കൃത്യമായി എഴുതിവെച്ചിരുന്നു. അതായിരുന്നു ഏറ്റവും വലിയ റഫറൻസ് ഗ്രന്ഥം.

സ്വന്തമായി കലാകാരന്മാരെ ലഭിച്ചപ്പോൾ അവരെ പരിശീലിപ്പിച്ചു. മകൻ വിഷ്ണുവിന്റെ കൂട്ടുകാരായിരുന്നു ഇവരിൽ കൂടുതലും. വിഷ്ണുവാണ് ട്രൂപ്പിൽ കൊട്ടും മറ്റു കാര്യങ്ങളും നോക്കുന്നത്. 14 പേരാണ് ട്രൂപ്പിലുള്ളത്. ഏഴുമേളക്കാരും ഏഴുദേശക്കാരും. എല്ലാവരും വേഗത്തിൽ ചുവടുകളും മറ്റും പഠിച്ചെടുത്തു. സംശയം വന്നപ്പോഴൊക്കെ മുതിർന്ന മുടിയേറ്റ് കലാകാരന്മാരോടും മറ്റും ചോദിച്ചു മനസ്സിലാക്കി. ആദ്യത്തെ അരങ്ങേറ്റം ഏഴൂർ ഏഴിമന അമ്പലത്തിലായിരുന്നു. അന്ന് നടന്നത് അരങ്ങേറ്റമായിരുന്നു എന്ന് കാണികളിൽ പലരും വിശ്വസിച്ചില്ല. ഒരു സ്ത്രീ മുടിയേറ്റ് സംഘം നടത്തുന്നു എന്നതുതന്നെ പലർക്കും അതൃപ്തിയുണ്ടാക്കി. വാദ്യകല എപ്പോഴും ആണുങ്ങളുടെ കലയെന്നാണ് പറയപ്പെടുന്നത്. സ്ത്രീകൾക്കൊന്നും അതിൽ ഒരു പങ്കുമുണ്ടാകാറില്ല. അതുകൊണ്ടൊക്കെയാവണം, പല അപവാദങ്ങളും ആളുകൾ പറഞ്ഞുപരത്തി. എന്നാൽ, അതെല്ലാം തനിക്ക് ഊർജമായിരുന്നെന്ന് ബിന്ദു പറയുന്നു. കൂടുതൽ നന്നാക്കാനും ആരെക്കൊണ്ടും മോശം പറയിപ്പിക്കാത്ത മുടിയേറ്റ് സംഘമായി വളരാനും അത് പ്രചോദനമായി. മുടിയേറ്റ് നടത്തുന്ന അമ്പലങ്ങളിൽ നിന്നെല്ലാമുള്ള അഭിനന്ദനങ്ങൾ ഏറ്റെടുത്ത ദൗത്യം പരാജയപ്പെട്ടില്ല എന്നതിന് വലിയ തെളിവാണെന്ന് ബിന്ദു വിശ്വസിക്കുന്നു.

## കാളിയാകുന്നു

ട്രൂപ്പിലെ മുഴുവൻ പേരെയും പരിശീലിപ്പിക്കുകയും എല്ലാ കാര്യങ്ങളും ചെയ്യുന്നുമുണ്ടെങ്കിലും കാളിയായി വേഷമിടുക എന്നത് ഉള്ളിന്റെ ഉള്ളിൽ ആരുമറിയാതെ സൂക്ഷിച്ച ആഗ്രഹമായിരുന്നു. അമ്പലങ്ങളിൽ മുടിയേറ്റ് നടത്തുമ്പോൾ സാധാരണ സ്ത്രീകൾക്ക് ചെയ്യാൻ പറ്റില്ല. കടുത്ത ചിട്ടകളും കാര്യങ്ങളുമൊക്കെ ഇതിന് ആവശ്യമാണ്.
അമ്പലത്തിലല്ലെങ്കിലും മുഖത്ത് കാളിയുടെ ചുട്ടി കുത്തി ഒരു ഫോട്ടോയെടുത്ത് ഫ്രെയിം ചെയ്ത് വെക്കണമെന്ന് തമാശയായി പറയാറുണ്ട്.

അതിനിടയിലാണ് തേവര കോളജിൽനിന്ന് മുടിയേറ്റിനായി വിളിക്കുന്നത്. 'അവർ ഞാൻ കാളിയുടെ വേഷം ചെയ്യും എന്ന നിലയിലാണ് പരിപാടി ആസൂത്രണം ചെയ്തിരുന്നത്. എന്നാൽ, പരിപാടിയുടെ തലേദിവസമാണ് ഞാനാണ് കാളിയുടെ വേഷം ചെയ്യേണ്ടത് എന്ന് അറിയുന്നത്. ആദ്യം ഉറപ്പ് നൽകിയില്ല. പിന്നെ ഗുരുതുല്യരായ ആളുകളോട് അഭിപ്രായം ചോദിച്ചു. ഒരു സ്ത്രീ കാളിവേഷം കെട്ടിയാൽ എന്തുസംഭവിക്കും എന്ന് ബിന്ദു കാണിച്ചുകൊടുക്കണമെന്ന് പറഞ്ഞ് അവരെനിക്ക് ധൈര്യവും പിന്തുണയും നൽകി.

കേരളത്തിൽ ഇതുവരെ സ്ത്രീ കാളിയുടെ വേഷം കെട്ടിയിട്ടില്ല. പ്ലാവിന്റെ തടികൊണ്ടുണ്ടാക്കിയ ഒമ്പതു കിലോയിലധികം ഭാരം വരുന്ന വലിയ മുടി( കിരീടം) തലയിൽ ആദ്യമായി കെട്ടിയപ്പോൾ വേച്ചുപോയി. ഇരുന്നു കെട്ടിയപ്പോൾ നിൽക്കാൻപോലും പറ്റുന്നില്ലായിരുന്നു. പക്ഷേ, അരങ്ങിലെത്തിയപ്പോൾ അതെല്ലാം മറന്നു. എല്ലാം കഴിഞ്ഞപ്പോൾ സദസ്സിലുണ്ടായിരുന്ന ചലച്ചിത്ര നടി റിമ കല്ലിങ്കലടക്കം ഒരുപാട് പേർ അഭിനന്ദനവുമായി എത്തി. അപ്പോഴും ചിലർ എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ, അന്നത്തെ പരിപാടിയുടെ വാർത്തയും മറ്റും പത്രങ്ങളിലൂടെ കണ്ട് ആദ്യം എതിർപ്പുകാണിച്ച ചിലർ വിളിച്ചു. അതായിരുന്നു എനിക്ക് കിട്ടിയ ഏറ്റവും വലിയ സന്തോഷവും അംഗീകാരവും. കോളജിലെ പരിപാടി കണ്ടതിനുശേഷം ഗുജറാത്തിൽനിന്ന് ക്ഷണം ലഭിച്ചിട്ടുണ്ട്. കുറെപേർ അല്ലാതെയും അന്വേഷിച്ചിട്ടുണ്ട്- ബിന്ദു പറയുന്നു.

## സ്വപ്നങ്ങൾ ഇനിയുമുണ്ട്...

യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഇടംനേടിയെങ്കിലും മുടിയേറ്റ് എന്ന കലാരൂപത്തെക്കുറിച്ച് അധികമാർക്കും അറിയില്ല. സ്കൂളുകളിലടക്കം മുടിയേറ്റിനെക്കുറിച്ച് പഠിക്കാനുണ്ട്. ചില സ്കൂളുകളിൽ മുടിയേറ്റ് നടത്താൻ വിളിക്കാറുണ്ട്. പക്ഷേ, അധ്യാപകർക്കൊന്നും ഇതിനെക്കുറിച്ചറിയില്ല. ആധികാരികമായി പറയുന്ന പുസ്തകങ്ങളുമില്ല. മുടിയേറ്റിനെ കുറിച്ച് വിദ്യാർഥികൾക്കായി ബിന്ദു സീഡി തയാറാക്കിയത് അതുകൊണ്ടാണ്. ഇതിനകം പല സ്കൂളുകളിലും സീഡി നൽകിക്കഴിഞ്ഞു. കേരളത്തിലെ എല്ലാ സ്കൂളുകളിലും ഇത് നൽകണമെന്നുണ്ട്.

അച്ഛൻ ദാമോദരമാരാർ മുടിയേറ്റിനെക്കുറിച്ച് എഴുതിയതെല്ലാം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്നതാണ് മറ്റൊരു മോഹം. എന്നാൽ, മുടിയേറ്റിനെക്കുറിച്ചും സോപാന സംഗീതത്തെക്കുറിച്ചും പഠിക്കാനും പഠിപ്പിക്കാനും മാത്രമായി മ്യൂസിയവും ലൈബ്രറിയും ആർട്ട് ഗാലറിയും നിർമിക്കണം എന്നതാണ് തന്റെ ഏറ്റവും വലിയ സ്വപ്നമെന്ന് ബിന്ദു പറയുന്നു. മുടിയേറ്റ് ഉൾപ്പെടുന്ന ഒരു സിനിമ ചെയ്യാനും ബിന്ദുവിന് പദ്ധതിയുണ്ട്. ബിന്ദുവിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയുമായി ജീവിതസഖാവായ സന്തോഷും മക്കളായ വിഷ്ണുവും കൃഷ്ണപ്രിയയും ഒപ്പമുണ്ട്.